നം.കെഎസ്എ-കെടിഎം.പി.11-815/2017 തീയതി : 12.06.2017

# കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.11.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 31.05.2017-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.05.2017 മുതൽ 30.05.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ പ്രസാദ് പി. ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ മുഹ്സിൻ ഫൈസൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ രാജേഷ് എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ഷാജിമോൻ പി. ബി. | ഓഡിറ്റർ |
| | ശ്രീ ശിവരാജ് പി | ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ റ്റി. എസ്.കൃഷ്ണകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ എം. എൻ. വിജയൻ (സെക്രട്ടറി ഇൻ-ചാർജ്ജ്) | 01.04.2016 മുതൽ 06.07.2016 വരെ |
| | ശ്രീ പി. എ. നൗഷാദ് | 07.07.2016 മുതൽ 31.03.2017 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ എം. എൻ. വിജയൻ | 01.04.2016 മുതൽ 26.09.2016 വരെ |
| | ശ്രീ സുനിൽ എസ് | 27.09.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി റെജിമോൾ എം. എം. | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ രാജു തോമസ് | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ശ്രീ അനിൽകുമാർ ടി. | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. എരുമേലി | ശ്രീ വി.എം. സജി | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. ചേനപ്പാടി | ശ്രീ ഷാൻകുമാർ കെ. പി. | 01.04.2016 മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ. ഷൈൻ മുഹമ്മദ് | 01.04.2016 മുതൽ 07.07.2016 വരെ |
| | ഡോ. വിനോദ് പി. | 08.07.2016 മുതൽ 06.12.2016 വരെ |
| | ഡോ. സീന എം ഇസ്മായിൽ | 07.12.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി മിനി ജോസഫ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ശ്രീ എ.എം. തോമസ് | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ശ്രീ പ്രഹ്ളാദ് കെ. | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി സുശീല എൻ.ബി | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ ജോഷി ജോസഫ് (അഡീഷണൽ ചാർജ്) | 01.04.2016 മുതൽ 18.07.2016 വരെ |
| | ശ്രീ ഷാഹുൽ ഹമീദ് കെ. എം. | 19.07.2016 മുതൽ 31.03.2017 വരെ |

(ഡി) ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 – പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | 12-ാം പഞ്ചവത്സര പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 – വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും |
| 2-2-1 | മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിൽ അപാകത--4.94 ലക്ഷം രൂപ നികുതി നഷ്ടം |
| 2-2-2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിൽ അപാകത |

| | |
|---|---|
| 2-3 | ഉപയോഗക്രമം മാറ്റിയ കെട്ടിടത്തിന്റെ വസ്തു നികുതി പരിഷ്കരിക്കാതെയും, ലൈസൻസില്ലാതെയും പെട്രോൾ പമ്പ് നടത്തുന്നു |
| 2-4-1 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ |
| 2-4-2 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-4-3 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-5 | ഡി & ഒ ലൈസൻസ് അപാകതകൾ |
| 2-6 | ശബരിമല-സ്പെഷ്യൽ ലേലം |
| ഭാഗം 3 – ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | തെരുവ് വിളക്കുകളുടെ പരിപാലനം--മാതൃക പദ്ധതി |
| 3-2 | മാലിന്യശേഖരണവും സംസ്കരണവും ഫലപ്രദമല്ല |
| 3-3 | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ കൃത്യമായ സ്പെസിഫിക്കേഷനില്ല |
| 3-4 | വിശദമായ പ്രോജക്ട് റിപ്പോർട്ടും മതിയായ ഫണ്ടും ഇല്ലാതെ കെട്ടിട നിർമ്മാണം ഏറ്റെടുത്തു |
| 3-5 | പ്രവൃത്തി നിർവ്വഹണത്തിൽ നീതീകരിക്കാനാവാത്ത കാലതാമസം |
| 3-6 | സർക്കാർ ഉത്തരവ് പ്രകാരം KSWDC യിൽ നിക്ഷേപിച്ച തുക--ചെലവ് നിർണ്ണയം നടത്തിയിരുന്നില്ല. |
| 3-7 | പദ്ധതി പ്രവർത്തനങ്ങൾക്കായി 27 കോടി രൂപ ചെലവഴിച്ച അങ്കണവാടി ജീർണ്ണാവസ്ഥയിൽ |
| 3-8 | ആശ്രയ പദ്ധതി--അവലോകനം |
| 3-9 | പാലിയേറ്റീവ് പരിചരണം--പ്രവർത്തനത്തിലെ അപാകതകൾ |
| 3-10 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല |
| 3-11 | വെള്ളക്കരം--സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| 3-12 | സ്വയംതൊഴിലിന് ഓട്ടോറിക്ഷ വാങ്ങി നൽകൽ |
| 3-13 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ |
| 3-14 | ഗുണഭോക്താവിന്റെ അർഹതാ മാനദണ്ഡം പരിശോധിക്കാതെ ലാപ്ടോപ്പ് വാങ്ങി |
| 3-15 | സ്വയംതൊഴിലിന് ടാക്സി കാർ--വാഹനം ലഭ്യമായിട്ടില്ല |
| 3-16 | ശബരിമല സ്പെഷ്യൽ ഗ്രാന്റ് |
| 3-17 | പ്രോജക്ടുകൾ--ഭൗതീക ലക്ഷ്യം കൈവരിച്ചിട്ടില്ല |
| ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |

| | |
|---|---|
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 പുതുക്കിയ ബജറ്റ് 20.03.2017 തിയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും യഥാർത്ഥ കണക്കുമായുള്ള താരതമ്യവും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റിൽ പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യത്യാസം | | വ്യത്യാസത്തിന്റെ ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 2492100 | 22990219 | 20498119 | - | +822.5 |
| വരവ് | 159021332 | 80928783 | - | 78092549 | -49.11 |
| ആകെ | 161963432 | 103919002 | - | 58044430 | -35.84 |
| ചെലവ് | 158762625 | 84676979 | - | 74085646 | -46.66 |
| നീക്കിയിരിപ്പ് | 3200807 | 19242023 | 16041216 | - | +501 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 18.05.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | ഓഡിറ്റ് വേളയിൽ പരിശോധിച്ചു |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവയും അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് സാക്ഷ്യപത്രവും അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

2016-17 റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 22990219 |

| | |
|---|---|
| വരവ് | 80928783 |
| ആകെ | 103919002 |
| ചെലവ് | 84676979 |
| നീക്കിയിരിപ്പ് | 19242023 |

## 1-5 ഫണ്ട് വിനിയോഗം

2016-17 ലെ വിവിധ ഫണ്ടുകളുടെ വിനിയോഗം താഴെ ചേർക്കുന്നു

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22034762 | 22034762 | 14814431 | 67.23 |
| വികസനഫണ്ട് എസ്.സി.പി. | 0 | 11551755 | 1551755 | 5080331 | 43.98 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 4468800 | 4468800 | 2431340 | 54.41 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12924630 | 12924630 | 9297698 | 71.94 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5741589 | 5741589 | 2308364 | 40.20 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11666192 | 11666192 | 5598719 | 47.99 |

വിവിധ ഫണ്ടുകളുടെ കൺസോളിഡേറ്റഡ് ഫണ്ടിലെ അലോട്ട്മെന്റും വിവധ പ്രോജക്ടുകളുടെ ബിൽ എൻക്യാഷ് ചെയ്യുമ്പോൾ പഞ്ചായത്ത് ഫണ്ടിലെ ആകെ ചെലവുമാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്. കൺസോളിഡേറ്റഡ് ഫണ്ടിലെ അലോട്ട്മെന്റ് തുകയിൽ നിന്നും ചെലവ് വരുന്ന തുക മാത്രമാണ് പഞ്ചായത്ത് കണക്കുകളിൽ പ്രതിഫലിക്കുന്നത് (പ്രസ്തുത ഇനങ്ങളുടെ പഞ്ചായത്ത് ഫണ്ടിലെ വരവും ചെലവും തുല്യമാണ്).

## 1-6 12-ാം പഞ്ചവത്സരപദ്ധതി അവലോകനം.

തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം സംബന്ധിച്ച 12ാം പഞ്ചവത്സരപദ്ധതി മാർഗരേഖ 18-8-12 ലെ 225/12 നം.ഉത്തരവ് പ്രകാരം നിലവിൽ വന്നു.ഈ പദ്ധതി ആസൂത്രണമാർഗരേഖയിലും അനുബന്ധ സബ്സിഡിമാർഗരേഖ (29-9-12 ലെ 248/2012 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിലവിൽ വന്നത്)യിലും ഭേദഗതികൾ വരുത്തി പുതുക്കിയ മാർഗരേഖ 16-11-13 ലെ 362/2013 നം സർക്കാർ ഉത്തരവ് പ്രകാരം നടപ്പിൽ വരുത്തി. ആയതിനാൽ 12 ാം പഞ്ചവത്സരപദ്ധതി രൂപീകരണം, നടത്തിപ്പ്, സബ്സിഡി മാനദണ്ഡങ്ങൾ തുടങ്ങിയവ 362/2013 നമ്പർ ഉത്തരവിന്റെയും, പുതുക്കിയ മാർഗരേഖയായ സ.ഉ.നം 4/2016 ത.സ്വ.ഭ.വ തീ.11-1-16 ന്റെയും അടിസ്ഥാനത്തിലാണ് വിലയിരുത്തുന്നത്.

ടി മാർഗരേഖകൾ പ്രകാരം 12ാം പദ്ധതിയുടെ പൊതു സമീപനമായി തദ്ദേശസ്ഥാപനങ്ങളുടെ ഭൂപ്രദേശത്തിന്റെയും അവിടുത്തെ ജനങ്ങളുടെയും സമഗ്രവികസനവും പുരോഗതിയുമാണ് ലക്ഷ്യമാക്കേണ്ടത്. ഇതിനായി വാർഡ്/ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കാതെ തദ്ദേശസ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായിക്കണ്ട് സമസ്ത മേഖലയിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതി തയാറാക്കേണ്ടതാണ്. ഇതിനായി കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ, വിവിധ സർക്കാർവകുപ്പുകൾ, ഏജൻസികൾ, മിഷനുകൾ എന്നിവ ചെയ്യുന്ന പ്രവൃത്തികൾ തദ്ദേശസ്ഥാപന പരിധിയിൽ സംയോജിപ്പിക്കാവുന്നവ സംയോജിപ്പിച്ച് ഇവയിൽ ഇടം നേടാത്ത പ്രവൃത്തികൾ തദ്ദേശസ്ഥാപനം ഏറ്റെടുക്കേണ്ടതുമാണ്.

മുൻഗണന നൽകേണ്ട മേഖലകൾ

1. ഉല്പാദനമേഖലയുടെ സ്ഥായിയായ വളർച്ച.
2. പരിസ്ഥിതിയുടെയും, പ്രകൃതിവിഭവങ്ങളുടെയും സംരക്ഷണം.
3. മാനവവികസനം.
4. അടിസ്ഥാനസൗകര്യവികസനം.
5. സേവനസംവിധാനങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തൽ.

6. സാമൂഹ്യനീതി.

7. ആസ്തികളുടെ സൃഷ്ടി, നിലവിലുള്ളവയുടെ പരിപാലനം.

ടി ലക്ഷ്യങ്ങളുടെ സാക്ഷാൽക്കാരത്തിനായി, തദ്ദേശസ്ഥാപനങ്ങൾ തയാറാക്കുന്ന വികസനരേഖയെ അടിസ്ഥാനമാക്കി 5 വർഷത്തേക്കുള്ള ഒരു പഞ്ചവത്സരപദ്ധതിയും ഓരോ വർഷത്തേയും വികസനപരിപാടികൾ ഉൾപ്പെട്ട വാർഷിക പദ്ധതികളും നടപ്പിലാക്കുന്നു.

ഇപ്രകാരം എരുമേലി ഗ്രാമപഞ്ചായത്തിൽ 2012 -17 വർഷത്തിൽ നടപ്പിലാക്കിയ പഞ്ചവത്സര-വാർഷിക പദ്ധതികളുടെ അവലോകനം ചുവടെ ചേർക്കുന്നു.

ഓരോ വാർഷിക പദ്ധതിയിലും വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്ത തുകയുടെ വിവരം (സുലേഖ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായത്).

| വർഷം | വകയിരുത്തൽ | ചെലവ് |
|---|---|---|
| 2012-13 | 78474455 | 41437257 |
| 2013-14 | 113273614 | 58601420 |
| 2014-15 | 133842261 | 53963527 |
| 2015-16 | 132144135 | 66700021 |
| 2016-17 | 114605407 | 44900124 |
| ആകെ | 572339872 | 265602349 |

ടി വാർഷിക ചെലവുകളുടെ മേഖലാ തരംതിരിവ്,വിവിധ വിഭാഗങ്ങൾക്കിടയ്ക്കുള്ള തരംതിരിവ് എന്നിവ ചുവടെ ചേർക്കുന്നു.

2012-13

| മേഖല | പൊതുവിഭാഗം | പട്ടികജാതി | പട്ടികവർഗം | ആകെ |
|---|---|---|---|---|
| ഉല്പാദനം | 3544321 | - | - | 3544321 |
| സേവനം | 16058622 | 3611695 | 2249333 | 21919650 |
| പശ്ചാത്തലം | 13309300 | 2663986 | - | 15973286 |
| ആകെ | 32912243 | 6275681 | 2249333 | 41437257 |

2013-14

| മേഖല | പൊതുവിഭാഗം | പട്ടികജാതി | പട്ടികവർഗം | ആകെ |
|---|---|---|---|---|
| ഉല്പാദനം | 2322500 | - | - | 2322500 |
| സേവനം | 24213659 | 6249526 | 4407743 | 34870928 |
| പശ്ചാത്തലം | 18203072 | 3204920 | - | 21407992 |
| ആകെ | 44739231 | 9454446 | 4407743 | 58601420 |

2014-15

| മേഖല | പൊതുവിഭാഗം | പട്ടികജാതി | പട്ടികവർഗം | ആകെ |
|---|---|---|---|---|
| ഉല്പാദനം | 3420700 | - | - | 3420700 |
| സേവനം | 23720496 | 6049186 | 1637107 | 31406789 |
| പശ്ചാത്തലം | 15300065 | 2338699 | 1497274 | 19136038 |
| ആകെ | 42441261 | 8387885 | 3134381 | 53963527 |

2015-16

| മേഖല. | പൊതുവിഭാഗം | പട്ടികജാതി | പട്ടികവർഗം | ആകെ |
|---|---|---|---|---|
| ഉല്പാദനം | 3410172 | - | 270000 | 3680172 |
| സേവനം | 17625892 | 5489267 | 3487902 | 26603061 |
| പശ്ചാത്തലം | 31224120 | 3491217 | 1701451 | 36416788 |
| ആകെ | 52260184 | 8980484 | 5459353 | 66700021 |

2016-17

| മേഖല. | പൊതുവിഭാഗം | പട്ടികജാതി | പട്ടികവർഗം | ആകെ |
|---|---|---|---|---|
| ഉല്പാദനം | 2495300 | 600000 | 990750 | 4086050 |
| സേവനം | 17864027 | 4188281 | 1501340 | 23553648 |
| പശ്ചാത്തലം | 16968376 | 292050 | - | 17260426 |
| ആകെ | 37327703 | 5080331 | 2492090 | 44900124 |

മേൽ സൂചിപ്പിച്ച കണക്കുകൾ പ്രകാരം 12ാം പഞ്ചവത്സര പദ്ധതി കാലയളവിലെ പദ്ധതിചെലവിന്റെ മേഖലാപരമായ സംഗ്രഹം ചുവടെ ചേർക്കുന്നു.

| മേഖല | ചെലവ് |
|---|---|
| ഉല്പാദനം | 17053743 |
| സേവനം | 138354076 |
| പശ്ചാത്തലം | 110194530 |
| ആകെ | 265602349 |

വിവിധ വിഭാഗങ്ങൾക്കിടയ്ക്കുള്ള ഫണ്ട് വിനിയോഗം ചുവടെ ചേർക്കുംപ്രകാരമാണ്.

| | |
|---|---|
| പൊതുവിഭാഗം | 209680622 |
| പട്ടികജാതി | 38178827 |
| പട്ടികവർഗം | 17742900 |
| ആകെ. | 265602349 |

പഞ്ചവത്സരപദ്ധതിയുടെ ആദ്യ 4വർഷങ്ങളിൽ പ്രോജക്ടുകൾക്കായുള്ള വകയിരുത്തലിലും ചെലവിലും ക്രമാനുഗതമായ വർദ്ധനവ് രേഖപ്പെടുത്തിയെങ്കിലും അവസാനവർഷമായ 2016-17 ൽ വകയിരുത്തലും ചെലവും തൊട്ടുമുൻ വർഷത്തേക്കാൾ കുറയുകയുണ്ടായി.

ഉല്പാദനമേഖലയിൽ 12ാം പദ്ധതിയിൽ 17053743 രൂപയാണ് ചെലവഴിക്കപ്പെട്ടത്. കൃഷി, മൃഗസംരക്ഷണം, തൊഴിൽസംരംഭങ്ങൾ ഉൾപ്പെടെയുള്ള വരുമാനദായകമായ പ്രവൃത്തികളാണ് ഉല്പാദനമേഖലയിൽ ഉൾപ്പെടുന്നതെങ്കിലും മറ്റ് രണ്ട് മേഖലകളെയപേക്ഷിച്ച് വളരെ കുറച്ച് മുതൽമുടക്കാണ് ഈ മേഖലയിലുണ്ടായിട്ടുള്ളത്. കന്നുകാലി വിതരണം, കാലിത്തൊഴുത്ത് നിർമാണം ഫലവൃക്ഷത്തൈവിതരണം, പച്ചക്കറികൃഷി, ജലസേചനക്കിണർ, ജലസേചന പമ്പ്സെറ്റ് വിതരണം എന്നിങ്ങനെയുള്ള പ്രോജക്ടുകളിലൂടെ വ്യക്തിഗത ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചുവെങ്കിലും സ്ഥായിയായ ഉല്പാദനവർദ്ധനവിലൂടെ പഞ്ചായത്തിൽ സാമ്പത്തികവികസനം സാദ്ധ്യമായതുസംബന്ധിച്ച യഥാർഥ ചിത്രം ഇനിയും വ്യക്തമായിട്ടില്ല.

സേവനമേഖലയിലാണ് 12ാം പഞ്ചവത്സരപദ്ധതിയിൽ ഗ്രാമപഞ്ചായത്തിൽ എറ്റവും കൂടുതൽ തുകയുടെ നിക്ഷേപം ഉണ്ടായത്. വിവിധ ചികിത്സാവിഭാഗങ്ങൾക്ക് മരുന്ന് വാങ്ങൽ, മാലിന്യനിർമാർജനം, പാലിയേറ്റീവ് പരിചരണം, അങ്കണവാടി ഭക്ഷണവിതരണം, ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, സ്ത്രീകൾ ദുർബലവിഭാഗങ്ങളുൾപ്പെടെയുള്ളവർക്ക് വീടിന് സ്ഥലം, ഭവനം, തെരുവ് വിളക്ക് സ്ഥാപനം, അങ്കണവാടി, സ്കൂളുകൾ എന്നിവയുടെ നവീകരണം എന്നിങ്ങനെയുള്ള വ്യത്യസ്തമായ പ്രോജക്ടുകളിലൂടെ 138354076 രൂപയാണ് ചെലവഴിച്ചത്.

റോഡുകളുടെ ടാറിംഗ്, കോൺക്രീറ്റിംഗ്, കെട്ടിടങ്ങളുടെ നിർമാണം, അറ്റകുറ്റപ്പണികൾ, പാലങ്ങൾ, കലുങ്കുകൾ, ബസ് സ്റ്റാന്റ് പുനരുദ്ധാരണം തുടങ്ങി അനവധി പ്രോജക്ടുകൾ നടപ്പിലാക്കിയതിലൂടെ ഗ്രാമപഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളിൽപ്പോലും വികസനത്തിന്റെ ചാലകശക്തിയായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് സാധിക്കുകയുണ്ടായി. ഇതിലൂടെ ജീവിതസൗകര്യങ്ങൾ വർദ്ധിക്കുകയും, പുതിയ സ്ഥാപനങ്ങളും സേവനങ്ങളും

ലഭ്യമാവുകയും ചെയ്തു. ഇപ്രകാരം പശ്ചാത്തല മേഖലാ വികസനത്തിനായി 110194530 രൂപയാണ് കഴിഞ്ഞ 5 വർഷങ്ങളിലായി എരുമേലി പഞ്ചായത്തിൽ ചെലവഴിക്കപ്പെട്ടത്.

പട്ടികജാതി-പട്ടികവർഗത്തിൽപെട്ട ജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുന്നതിനും സാമൂഹ്യ സാമ്പത്തിക മുന്നേറ്റത്തിനും ഉതകുന്ന നിരവധി പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് പഞ്ചവത്സര പദ്ധതിയിലൂടെ സാധിച്ചുവെന്ന് വിവിധ വിഭാഗങ്ങൾക്കായി ചെലവഴിച്ച തുകയുടെ കണക്കുകൾ വ്യക്തമാക്കുന്നു.

തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല.
പ്രതിവർഷം ലക്ഷക്കണക്കിന് തീർത്ഥാടകർ എത്തിച്ചേരുന്ന എരുമേലി ഗ്രാമപഞ്ചായത്തിൽ മനുഷ്യശേഷി ആവശ്യമായ ധാരാളം തൊഴിൽസാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിലും തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ശബരിമല സീസൺ ആരംഭിക്കുന്നതിന് മുൻപും പിൻപും തോട് ക്ലീനിംഗ്, റോഡ്സൈഡ് ക്ലീനിംഗ് തുടങ്ങിയ പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടി വരുന്നുണ്ട്. മനുഷ്യശേഷി മാത്രം ആവശ്യമായ ഇത്തരം പ്രോജക്ടുകൾ ടെണ്ടർ നടപടികളിലൂടെ കരാറുകാരെ ഏൽപ്പിക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി ഇത്തരം വേലകൾ ചെയ്യുന്നത് പഞ്ചായത്തിന് സമയ ലാഭവും, സാമ്പത്തിക ലാഭവും ഉണ്ടാക്കുന്നതാണ്.

2016-17 വർഷം തൊഴിലുറപ്പുപദ്ധതിയിൽ ജോലിയിലേർപ്പെട്ട തൊഴിലാളികൾക്ക് കൂലിയിനത്തിൽ വലിയതുക ഇനിയും ലഭിക്കുവാൻ അവശേഷിക്കുന്നു. കൂലി ലഭ്യമാക്കുന്നതിന് സാദ്ധ്യമായ നടപടികൾ ഭരണസമിതി സംസ്ഥാന, കേന്ദ്രസർക്കാരുകളുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്.
എന്നാൽ ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തെയും സമഗ്രമായി കണ്ട് പ്രോജക്ടുകൾ തയാറാക്കി നടപ്പാക്കുന്നതിന് പകരം ഓരോവർഷത്തെയും പദ്ധതിപ്പണം 23 വാർഡുകളിലായി വിഭജിക്കുന്നത് മൂലം നിസ്സാരമായ പ്രവൃത്തികളായി പ്രോജക്ടുകൾ ചുരുങ്ങിപ്പോകുന്നു. പലപ്രോജക്ടുകളും വർഷങ്ങൾ കഴിഞ്ഞാലും പൂർത്തീകരിക്കാത്ത അവസ്ഥയും, പൂർത്തീകരിച്ച പലപ്രോജക്ടുകളും അനുബന്ധസൗകര്യങ്ങൾ ഒരുക്കാതെ നിഷ്ക്രിയമാവുകയും ക്രമേണ നശിക്കുകയും ചെയ്യുന്നു. ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച അറവുശാല, മാലിന്യസംസ്കരണ സംവിധാനങ്ങൾ എന്നിവ ഇപ്രകാരം നിലനില്ക്കുന്നവയാണ്. വർഷാവർഷം ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് വൻതോതിൽ മാലിന്യം ഉണ്ടാകുന്ന പഞ്ചായത്തിൽ ഫലപ്രദമായ ഒരുമാലിന്യസംസ്കരണനിർമ്മാർജ്ജന സംവിധാനം പോലും ഉണ്ടാകാത്തത് ഉദ്യോഗസ്ഥ-ഭരണസമിതികളുടെ ഇച്ഛാശക്തിയില്ലായ്മയും പദ്ധതി നിർവഹണത്തിലെ പരാജയവുമാണ്. സമഗ്രവും പൂർണ്ണവുമായ പ്രോജക്റ്റ് തയാറാക്കി വാർഡടിസ്ഥാനത്തിലല്ലാതെ പ്രോജക്ടടിസ്ഥാനത്തിൽ തുക ചെലവഴിക്കപ്പെട്ടിരുന്നുവെങ്കിൽ വലിയവികസനം 12ാം പദ്ധതി കാലയളവിൽ പഞ്ചായത്തിന് സാദ്ധ്യമാകുമായിരുന്നു.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 37.02 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 58,07,513 | 76,63,889 | +1856376 | +31.97 |
| നികുതിയേതര വരവുകൾ | 16,43,108 | 26,40,843 | +997735 | +60.72 |
| മറ്റുവരവുകൾ | 2,06,847 | 1,87,699 | -19148 | -9.25 |
| ആകെ | 76,57,468 | 104,92,431 | +2834963 | +37.02 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 108240 | 78 |
| കർഷകതൊഴിലാളി പെൻഷൻ | 1975000 | 210 |
| വിധവാപെൻഷൻ | 11522680 | 1026 |
| വാർദ്ധക്യകാലപെൻഷൻ | 29900230 | 2186 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 4461475 | 448 |
| 50വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 420010 | 37 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.05.2017 തീയതി 3.30 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19206/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം 2016-17 കാലഘട്ടത്തിൽ പൊതുവെ മെച്ചപ്പെട്ടിരുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.രജിസ്റ്ററുകളുടെയും വൗച്ചറുകളുടെയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്.അക്കൗണ്ടന്റിന്റെ കാര്യക്ഷമതയും ഉത്തരവാദിത്തബോധവും പ്രത്യേക പരിഗണന അർഹിക്കുന്നു.ഭരണസമിതിയും സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു.

എന്നിരിക്കിലും വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ സാംഖ്യ മാപ്പിംഗ് പൂർത്തിയാക്കൽ, തൊഴിൽനികുതി രജിസ്റ്റർ കൃത്യമാക്കൽ, വാടക കുടിശ്ശിക ഈടാക്കൽ, വാടകക്കാരിൽനിന്ന് ഡെപ്പോസിറ്റ് ഇനത്തിൽ തുക ഈടാക്കൽ, മാലിന്യസംസ്കരണം, മുൻവർഷ റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന M.E.S.കോളേജിന്റെ വസ്തുനികുതിനിർണയം,മൊബൈൽ ടവറുകളുടെ വസ്തുനികുതി തുടങ്ങിയ കാര്യങ്ങളിൽ കൃത്യമായ നടപടികൾ ഇനിയും സ്വീകരിച്ചിട്ടില്ല എന്നത് അടിയന്തിര പരിഗണനയ്ക്ക് വിധേയമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.04.2017 | 03/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.03.2015 – 24.03.2015 | 2009-10 to 2013-14 | LBA(HQ)/II/ 8A-2305/40 17.06.2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളുടെ അവലോകനവും വിശകലനവും

ഗ്രാമപഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം തൻവർഷ പ്രവർത്തന നഷ്ടം 37,48,196/- രൂപയാണ്. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 144949970/- രൂപയും ചെലവ് 140151945/- രൂപയുമാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) 103919002/- രൂപയും ആകെ ചെലവ് (നീക്കിയിരിപ്പ് ഒഴികെ) 84676979/- രൂപയുമാണ്. 31.03.2017 ലെ കാഷ്/ബാങ്ക് നീക്കിയിരിപ്പ് 19242023/- രൂപയാണ്. 31.03.2017 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 56718246/- രൂപയും ആകെ ബാധ്യതകളുടെ മൂല്യം (ജനറൽ ഫണ്ട് ഒഴികെ) 23069893/- രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 33648353/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പരിശോധിച്ച് വിശകലനം ചെയ്തതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1) 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2) ഗ്രാമ പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല.

3) ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭൂമിയുടെ മൂല്യം കാണിക്കുന്ന കണക്ക് ശീർഷകം 31.03.2017 വരെ അക്കൗണ്ട് ചെയ്ത് തുടങ്ങിയിട്ടില്ല.

4) തനത് ഫണ്ട് അക്കൗണ്ടിന്റെ 31.03.2017-ലെ റീക്കൺസിലേഷൻ പത്രികയിൽ ഇഷ്യൂ ചെയ്ത് ദീർഘകാലമായിട്ടും എൻക്യാഷ് ചെയ്യാത്ത താഴെ പറയുന്ന 2 ചെക്കുകളുടെ തുക അക്കൗണ്ടിൽ ക്രമീകരിക്കാത്തതായി കാണുന്നു.

| ക്രമ നം. | വൗച്ചർ നം./തീയതി | ചെക്ക് നം./തീയതി | തുക(രൂപ) |
|---|---|---|---|

| | | | |
|---|---|---|---|
| 1. | 21600152/01.06.2016 | 22915/01.06.2016 | 600/- |
| 2. | 21500857/02.02.2016 | 22724/02.02.2016 | 450/- |

അക്കൗണ്ടിലെ അപാകത ജേർണൽ വൗച്ചർ(JV) ചെയ്ത് ക്രമീകരിക്കേണ്ടതാണ്.

5)കുടിശിക വാടക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള 31.03.2017 ലെ 1161305/- രൂപയുടെ കൃത്യത വ്യക്തമല്ല.

6) തൊഴിൽ നികുതി രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്തതിനാൽ ഡിമാന്റ് വിശകലനം ചെയ്യാൻ സാധിച്ചിട്ടില്ല. ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.

7)സഞ്ചയ-സാംഖ്യ മാപ്പിങ്ങ് പൂർത്തിയായിട്ടില്ലാത്തിതിനാൽ വസ്തുനികുതിയുടെ ഡിമാന്റ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

പഞ്ചായത്തിന്റെ ധനകാര്യ റിപ്പോർട്ടിങ്ങ് ശേഷിയിൽ മുൻവർഷങ്ങളിലെ അപേക്ഷിച്ച് പുരോഗതിയുണ്ടെങ്കിലും മേൽസൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്നുണ്ട്. പഞ്ചായത്ത് ആസ്തികളുടെ വിനിയോഗവും വിനിമയവും സംബന്ധിച്ച വിശദാംശം ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല. അക്രുവൽ ചെയ്യേണ്ട വരവിനങ്ങൾക്ക് (വസ്തു നികുതി, സ്ഥാപനങ്ങൾ ട്രേഡേഴ്സ് ഉടങ്ങിയവരുടെ തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീസ്, വാടക) ഡി.സി.ബി പത്രിക തയ്യാറാക്കുന്നില്ല. വാർഷിക ധനകാര്യ പത്രികയിലെ വിശദാംശങ്ങൾ ചേർത്ത് ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കുക മാത്രമാണ് നിലവിൽ ചെയ്തിരിക്കുന്നത്. രജിസ്റ്റർ പ്രകാരമുള്ള വരുമാനം ഇനം തിരിച്ച് രേഖപ്പെടുത്തി ആകെത്തുക കണക്കാക്കി ഡി.സി.ബി പത്രിക തയ്യാറാക്കേണ്ടതും ടി പത്രികയിൽ നിന്നും ഡി.സി.ബി സംക്ഷിപ്തം തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിൽ 32 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ സഞ്ചയയിൽ വിദ്യാഭ്യാസ ആവശ്യം എന്ന കാറ്റഗറിയിൽ ആകെ 5 കെട്ടിടങ്ങൾ മാത്രമാണ് നികുതിനിർണ്ണയം നടത്തിയിട്ടുള്ളത്. ഡേറ്റാബേസിൽ ഇത്തരത്തിലുള്ള അപാകതകൾ നിലനിൽക്കുന്നത് തനത് വിഭവസമാഹരണം കൃത്യമായി ക്രോഡീകരിക്കാത്തതിനാലാണ്. തനത് വിഭവസമാഹരണം കൃത്യമായി നടത്തി ഡേറ്റാബേസ് തയ്യാറാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ധനകാര്യ റിപ്പോർട്ടിങ്ങ് ശേഷി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്ന വിശേഷണങ്ങളോടു കൂടിയ ഓഡിറ്റ് സർട്ടിഫിക്കറ്റ് (Qualified Audit Certificate) ഈ റിപ്പോർട്ടിന്റെ അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.

## 2-2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിൽ അപാകത-4.94 ലക്ഷം രൂപ നികുതി നഷ്ടം

14.01.2011-ലെ ജി.ഒ.(പി) 19/2011/ത.സ്വ.ഭ.വ-ന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മറ്റിയുടെ 25.10.2011-ലെ 3(1) തീരുമാന പ്രകാരം മൊബൈൽ ടവറുകളുടെ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 500/- രൂപയായി 2013-14 ഒന്നാം അർദ്ധവർഷം മുതൽ പരിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ തറ വിസ്തീർണ്ണം കണക്കാക്കിയതിൽ അപാകതയുള്ളതായി കാണുന്നു(2013-14 ഒന്നാം അർദ്ധവർഷം മുതൽ പ്രാബല്യം). സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ പ്രകാരം എരുമേലി ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 17 മൊബൈൽ ടവറുകളാണ് നാളിതുവരെ നികുതിനിർണ്ണയം നടത്തിയിട്ടുള്ളത്. മൊബൈൽ ടവറുകളുടെ നികുതിനിർണ്ണയത്തിൽ വിസ്തീർണ്ണം കണക്കാക്കിയപ്പോൾ ബാറ്ററി മുറി, സെക്യൂരിറ്റി മുറി, ജനറേറ്റർ മുറി എന്നിങ്ങനെയുള്ള അനുബന്ധ കെട്ടിടങ്ങൾക്കെല്ലാം ഉൾപ്പടെയുള്ള വിസ്തീർണ്ണമാണൊ കണക്കാക്കിയതെന്ന് വ്യക്തമല്ല. നികുതിനിർണ്ണയം നടത്തിയ 17 ടവറുകളിൽ 7 എണ്ണത്തിന്റെ കംപ്ലീഷൻ പ്ലാൻ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. പ്രസ്തുത ടവറുകളുടെ കംപ്ലീഷൻ പ്ലാൻ പ്രകാരം നിർണ്ണയിക്കേണ്ട നികുതിയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമ | നിർണ്ണയിച്ച വിസ്തീർണ്ണം (ച.മീ.) | അടിസ്ഥാന നികുതി +വർദ്ധന-ഇളവ് നിർണ്ണയിച്ച നികുതി (ഫോറം-6 പ്രകാരം) | കംപ്ലീഷൻ പ്ലാൻ പ്രകാരം വിസ്തീർണ്ണം(ച.മീ.) | നിർണ്ണയിക്കേണ്ട നികുതി അടിസ്ഥാന നികുതി +വർദ്ധന-ഇളവ് | ഒരു വർഷം നികുതി നഷ്ടം (രൂപ) |
|---|---|---|---|---|---|---|---|
| 1. | 6/375B | മാനേജർ, | 15 | 7500- | 80.21 | 40105-ഇളവ്(20%) | 26084/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ, മേഴ്സി എസ്റ്റേറ്റ്, രവിപുരം, കൊച്ചിൻ | | ഇളവ് (20%) 6000/- | | 32084/- | |
| 2. | 8/15A | മാനേജർ, ഇൻഡസ് ടവർ | 15 | 7500-ഇളവ്(20%) 6000/- | 62.65 | 31325-ഇളവ്(20%) 25060/- | 19060/- |
| 3. | 9/63A | എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ചർ | 60 | 30000-ഇളവ്(30%) 21000/- | 66.67 | 33335-ഇളവ്(30%) 23336/- | 2336/- |
| 4. | 13/545 | വോഡാഫോൺ സെല്ലുലാർ ലിമിറ്റഡ്, ഒന്നാം നില, മേത്തൽ, എറണാകുളം | 15 | 7500-ഇളവ്(20%) 6000/- | 64.65 | 32325-ഇളവ്(20%) 25860/- | 19860/- |
| 5. | 13/546A | ഭാരതി എയർടെൽ, എൻ. എച്ച്. ബൈപാസ്, മരട്, കൊച്ചി | 15 | 7500-ഇളവ്(20%) 6000/- | 35.28 | 17640-ഇളവ്(20%) 14112/- | 8112/- |
| 6. | 13/573A | മാനേജർ, ഐഡിയ മൊബൈൽ കോർപ്പറേഷൻ ലിമിറ്റഡ്, രവിപുരം, കൊച്ചി | 15 | 7500-ഇളവ്(20%) 6000/- | 88.54 | 44270-ഇളവ്(20%) 35416 | 29416/- |
| 7. | 14/190 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, ബൈപാസ് ജംഗ്ഷൻ, പാടിവട്ടം, കൊച്ചി | 15 | 7500-ഇളവ്(20%) 6000/- | 61.71 | 30855-ഇളവ്(20%) 24684/- | 18684/- |
| ആകെ | | | | | | | 1,23,552/- |

ഏറ്റവും ഉയർന്ന നിരക്കിലുള്ള വസ്തുനികുതി ചുമത്തുന്ന മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയത്തിലെ അപാകത മൂലം മേൽപട്ടികയിൽ സൂചിപ്പിച്ച പ്രകാരം ഒരു വർഷം 1,23,552/- രൂപയുടെ നഷ്ടം ഡിമാന്റിൽ വന്നിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പരിശോധനക്ക് ലഭ്യമാക്കിയ മേൽപറഞ്ഞ 7 ടവറുകളുടെ മാത്രം വസ്തുനികുതി നിർണ്ണയത്തിലെ അപാകത മൂലം 2013-14 മുതൽ 2016-17 വർഷമായി 4,94,208/- രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/30.05.2017) ലഭ്യമാക്കിയ മറുപടിയിൽ തുടർനടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. 17 മൊബൈൽ ടവറുകളുടേയും വസ്തുനികുതി യഥാർത്ഥ വിസ്തീർണ്ണം കണക്കാക്കി പുനർനിർണ്ണയിക്കേണ്ടതാണ്. 2013-14 മുതൽ 2016-17 വരെയുള്ള 4 വർഷത്തെ നികുതിയിനത്തിലെ നഷ്ടം വന്ന തുക 4,94,208/- രൂപ ഓരോ കാലയളവിലേയും ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിൽ അപാകത

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ പ്രകാരം എരുമേലി ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 17 മൊബൈൽ ടവറുകളാണ് നാളിതുവരെ നികുതിനിർണ്ണയം നടത്തിയിട്ടുള്ളത്. മൊബൈൽ ടവറുകളുടെ നികുതിനിർണ്ണയത്തിൽ വിസ്തീർണ്ണം കണക്കാക്കിയപ്പോൾ ബാറ്ററി മുറി, സെക്യൂരിറ്റി മുറി, ജനറേറ്റർ മുറി എന്നിങ്ങനെയുള്ള അനുബന്ധ കെട്ടിടങ്ങൾക്കെല്ലാം ഉൾപ്പടെയുള്ള വിസ്തീർണ്ണമാണ് കണക്കാക്കിയത് എന്ന് വ്യക്തമല്ല. താഴെ പറയുന്ന 10 ടവറുകളുടെ കംപ്ലീഷൻ പ്ലാൻ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം. | കെട്ടിട നം. | ഉടമ | നിർണ്ണയിച്ച വിസ്തീർണ്ണം (ച.മീ.) | അടിസ്ഥാന നികുതി +വർദ്ധന-ഇളവ് നിർണ്ണയിച്ച നികുതി (ഫോറം-6 പ്രകാരം) |
|---|---|---|---|---|
| 1. | 5/130A | വോഡാഫോൺ സെല്ലുലാർ, എറണാകുളം | 45 | 22500-ഇളവ്(20%) 18000/- |
| 2. | 9/65 | കെ.വി. കുര്യൻ, കരിമ്പനാൽ | 30 | 15000-ഇളവ്(10%) 13500/- |
| 3. | 13/544 | ജനറൽ മാനേജർ, ബി.എസ്.എൻ.എൽ. ടെലികോം, കോട്ടയം | 15 | 7500-ഇളവ്(30%) 5250/- |
| 4. | 15/276 | ജനറൽ മാനേജർ, ബി.എസ്.എൻ.എൽ., കോട്ടയം | 15 | 7500+വർദ്ധന(20%)- ഇളവ്(20%) 7500/- |
| 5. | 15/347 | മാനേജർ, ഭാരതി ഇൻഫ്രാടെൽ, എൻ. എച്ച്. ബൈപാസ്, കൊച്ചി | 14 | 7000+വർദ്ധന(20%)- ഇളവ്(20%) 7000/- |
| 6. | 16/734 | ഭാരതി ഇൻഫ്രാടെൽ എച്ച്. ഡി, കുണ്ടന്നൂർ, മരട് പി.ഓ | 80 | 40000-ഇളവ്(20%) 32000/- |
| 7. | 16/730 | വോഡാഫോൺ സെല്ലുലാർ ലിമിറ്റഡ്, നോർത്ത് എറണാകുളം | 24 | 12000-ഇളവ്(20%) 9600/- |
| 8. | 20/371 | ഡബ്ലിയു.ടി.ടി.എൽ.ജെ. കോ ചേമ്പേഴ്സ്, ഇടപ്പള്ളി, കൊച്ചിൻ | 64 | 32000 32000/- |
| 9. | 20/409 | റിലൈൻസ് ഇൻഡികോം ലിമിറ്റഡ്, 38/628, എ.റ്റി.റ്റി. ആർക്കേഡ്, എസ്.എ. റോഡ്, കൊച്ചി-682016. | 15 | 7500-ഇളവ്(10%) 6750/- |
| 10. | 20/964-a1 | മാനേജർ, ടാറ്റാ ടെലിസർവ്വീസസ്, എസ്.എൽ പ്ലാസാ, പാലാരിവട്ടം, കൊച്ചിൻ | 60 | 30000-ഇളവ്(10%) 27000/- |

നികുതിനിർണ്ണയം നടത്തിയ 17 ടവറുകളിൽ 10 എണ്ണത്തിന് 15 ച.മീ. എന്ന് കണക്കാക്കി നികുതി നിർണ്ണയിച്ചത് നികുതിനിർണ്ണയം എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ സഹായത്തോടെ കൃത്യമായി നടത്താത്തതുകൊണ്ടാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഓഡിറ്റിന് ലഭ്യമാക്കിയ 7 ടവറുകളുടെ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം നികുതി നിർണ്ണയം നടത്തിയ വിസ്തീർണ്ണത്തേക്കാൾ വളരെ കൂടുതലാണ് എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. അതിനാൽ മേൽപറഞ്ഞ 10 ടവറുകളുടെയും നികുതി നിർണ്ണയിച്ചതിൽ അപാകതയുണ്ടാകാമെന്ന് വിലയിരുത്തുന്നു. എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ നേതൃത്വത്തിൽ സ്ഥലപരിശോധന നടത്തി യഥാർത്ഥ വിസ്തീർണ്ണം കണക്കാക്കി നികുതി പുനർനിർണ്ണയിക്കേണ്ടതാണ്. 2013-14 മുതൽ 2016-17 വരെ കുറവായി ഡിമാന്റ് ചെയ്യപ്പെട്ട നികുതി കണക്കാക്കി കുടിശിക സഹിതം ഈടാക്കിയശേഷം ഓഡിറ്റിനെ വിശദാംശം അറിയിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളും നികുതിപരിധിയിൽ വന്നിട്ടുണ്ടോ എന്നത് സംബന്ധിച്ചും ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.1/27.05.2017) നൽകിയതിനും തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി നിർണ്ണയിക്കാത്ത ഏതെങ്കിലും മൊബൈൽ ടവർ പ്രവർത്തിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് അന്വേഷണം നടത്തേണ്ടതാണ്.

## 2-3 ഉപയോഗക്രമം മാറ്റിയ കെട്ടിടത്തിന്റെ വസ്തു നികുതി പരിഷ്കരിക്കാതെയും, ലൈസൻസില്ലാതെയും പെട്രോൾ പമ്പ് നടത്തുന്നു.

എരുമേലി ഗ്രാമ പഞ്ചായത്തിലെ XV111ാം വാർഡിൽ 51 നമ്പർ കെട്ടിടം ശ്രീമതി പുഷ്പ സുധാകരൻ, കുറ്റിശ്ശേരി, മുട്ടപ്പള്ളി എന്നയാളുടെ ഉടമസ്ഥതയിൽ ഉള്ളതും, ഗാർഹികാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയിരുന്നതുമാണ്. പ്രസ്തുത കെട്ടിടവും അതിനോടനുബന്ധിച്ചുള്ള എരുമേലി തെക്ക് വില്ലേജിൽ ബ്ലോക്ക് 27 ൽ റീസർവ്വേ 232/12 ഉൾപ്പെട്ട 23.50ആർ വസ്തുവും 2009 ഡിസംബർ 8-ാം തീയതി ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന് പെട്രോൾ പമ്പ് നടത്തുന്നതിന് പാട്ടത്തിന് നൽകി. പ്രസ്തുത സ്ഥലത്ത് കാർത്തിക് ഫ്യൂവൽസ് എന്ന പേരിൽ പെട്രോൾ പമ്പ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റിയതിന്റെ അടിസ്ഥാനത്തിൽ ബാധകമായ നിരക്കിൽ നികുതി പുന:നിർണ്ണയിച്ച് കെട്ടിട ഉടമയായ ശ്രീമതി. പുഷ്പ സുധാകരന് പഞ്ചായത്ത് ഡിമാന്റ് നോട്ടീസ് നൽകി. എന്നാൽ ഉപയോഗക്രമത്തിനനുസരണമായ നിരക്കിലുള്ള വസ്തു നികുതി ഒടുക്കാതെയും കെട്ടിട ഉടമ തയ്യാറാകാതെ ഡി& ഒ ലൈസൻസ് പുതുക്കാതെയും പെട്രോൾ പമ്പ് നടത്തുകയാണ് ചെയ്യുന്നത്. വളരെ എളുപ്പത്തിൽ തീപിടിക്കാവുന്ന സാധനങ്ങളായ പെട്രോളും, ഡീസലും വിൽക്കുന്ന സ്ഥാപനം ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചിട്ടും പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. വസ്തുനികുതി നിയമാനുസൃത നിരക്കിൽ അടച്ച് ഡി&ഒ ലൈസൻസ് എടുക്കുന്നതിന് തയ്യാറാകാത്തതിനാൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-4-1 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

2016-17 സാമ്പത്തിക വർഷം തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ യഥാവിധി എഴുതി പൂർത്തീകരിച്ചിട്ടില്ല. തൊഴിൽ നികുതി സംബന്ധിച്ച ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. തൊഴിൽ നികുതി രജിസ്റ്ററിൽ ഡിമാന്റിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം ഇൻഡക്സ്സായി ചേർക്കാതെ തൊഴിൽ നികുതി ഒടുക്കുന്ന സ്ഥാപനങ്ങളുടെ വിവരം എഴുതിചേർക്കുകയാണ് ചെയ്തിട്ടുള്ളത്. തൊഴിൽ നികുതി ഒടുക്കിയിട്ടുള്ള എല്ലാ സ്ഥാപനങ്ങളുടെ വിവരം പോലും നാളിതുവരെ രജിസ്റ്ററിൽ എഴുതി പൂർത്തിയാക്കിയിട്ടില്ല. തൻമൂലം രജിസ്റ്ററിലെ വരവും സാംഖ്യയിലെ തുകയും പൊരുത്തപ്പെടുന്നില്ല. മുൻ റിപ്പോർട്ടുകളിൽ പരാമർശിക്കപ്പെട്ട സ്ഥാപനങ്ങളെ തൻവർഷവും ഡിമാന്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. തൊഴിൽ നികുതി സംബന്ധിച്ച സെക്ഷൻ ശരിയായ രീതിയിൽ പ്രവർത്തിച്ചിട്ടില്ല. സൂപ്പർവൈസറി ഉദ്യോഗസ്ഥർ യഥാസമയം വീഴ്ചകൾ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4-2 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ലഭ്യമാക്കിയ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2016-17 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതായി വ്യക്തമാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | കാഞ്ഞിരപ്പള്ളി കോ.ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ബാങ്ക്, എരുമേലി | രണ്ടാം അർദ്ധവർഷം |
| 2 | കാത്തലിക് സിറിയൻ ബാങ്ക് മുക്കൂട്ടുതറ | രണ്ടാം അർദ്ധവർഷം |
| 3 | മീനച്ചിൽ ഈസ്റ്റ് അർബൻ കോ.ഓപ്പറേറ്റീവ് ബാങ്ക് | ഒന്നാം അർദ്ധവർഷം |
| 4 | സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് എരുമേലി | രണ്ടാം അർദ്ധവർഷം |
| 5 | എസ്.ബി.റ്റി മുക്കൂട്ടുതറ | രണ്ടാം അർദ്ധവർഷം |
| 6 | ബി.എസ്.എൻ.എൽ | രണ്ട് അർദ്ധവർഷങ്ങളും |
| 7 | കെ.എസ്.ആർ.ടി.സി. | രണ്ട് അർദ്ധവർഷങ്ങളും |
| 8 | അസ്സിസി കോളേജ് ഓഫ് നഴ്സിംഗ് | രണ്ട് അർദ്ധവർഷങ്ങളും |

| | | |
|---|---|---|
| 9 | സെന്റ്.മേരീസ് സ്കൂൾ ഏഞ്ചൽവാലി | രണ്ടാം അർദ്ധവർഷം |
| 10 | ആശിർവാദ് മൈക്റോ ഫിനാൻസ് | രണ്ടാം അർദ്ധവർഷം |
| 11 | കൊശമറ്റം ഫിനാൻസ് എരുമേലി | രണ്ടാം അർദ്ധവർഷം |
| 12 | കൊശമറ്റം ഫിനാൻസ് മുക്കൂട്ടുതറ | രണ്ടാം അർദ്ധവർഷം |
| 13 | സോണി മെമ്മോറിയൽ ഹോസ്പിറ്റൽ | രണ്ട് അർദ്ധവർഷങ്ങളും |
| 14 | മിനി മുത്തൂറ്റ് നിധി | ഒന്നാം അർദ്ധവർഷം |
| 15 | മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ് | രണ്ട് അർദ്ധവർഷങ്ങളും |
| 16 | അസ്സീസി ഹോസ്പിറ്റൽ മുക്കൂട്ടുതറ | രണ്ട് അർദ്ധവർഷങ്ങളും |
| 17 | യൂണിയൻ ബാങ്ക് എരുമേലി | ഒന്നാം അർദ്ധവർഷം |
| 18 | മുത്തൂറ്റ് മൈക്രോ ഫിനാൻസ് മുക്കൂട്ടുതറ | രണ്ട് അർദ്ധവർഷങ്ങളും |

മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9 ന് ലഭ്യമാക്കിയ മറുപടിയിൽ ഡിമാന്റ് രജിസ്റ്റർ എഴുതി പൂർത്തിയാക്കിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-4-3 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ലഭ്യമാക്കിയ ഡിമാന്റ് രജിസ്റ്റർ പ്രകാരം 2016-17 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ഗവ.ട്രൈബൽ എൽ.പി.സ്കൂൾ, ഉമരംപാറ | രണ്ട് അർദ്ധവർഷങ്ങളും |
| 2 | കാഞ്ഞിരപ്പള്ളി കോ.ഓപ്പറേറ്റീവ് അഗ്രികൾച്ചറൽ ബാങ്ക്, എരുമേലി | രണ്ടാം അർദ്ധവർഷം |
| 3 | കാത്തലിക് സിറിയൻ ബാങ്ക് മുക്കൂട്ടുതറ | രണ്ടാം അർദ്ധവർഷം |
| 4 | കെ.എസ്.സി.ബി.റ്റി.സി.സെക്ഷൻ മണിമല | രണ്ടാം അർദ്ധവർഷം |
| 5 | പി.ഡബ്ല്യു.ഡി.റോഡ്സ് സെക്ഷൻ എരുമേലി | രണ്ടാം അർദ്ധവർഷം |
| 6 | റ്റി.പി.ബാങ്കേഴ്സ് എരുമേലി | രണ്ടാം അർദ്ധവർഷം |
| 7 | ജോസ്ന ഫിനാൻസ് എരുമേലി | രണ്ടാം അർദ്ധവർഷം |
| 8 | ആശിർവാദ് മൈക്റോ ഫിനാൻസ് | രണ്ടാം അർദ്ധവർഷം |
| 9 | കൊശമറ്റം ഫിനാൻസ് എരുമേലി | രണ്ടാം അർദ്ധവർഷം |
| 10 | കൊശമറ്റം ഫിനാൻസ് മുക്കൂട്ടുതറ | രണ്ടാം അർദ്ധവർഷം |
| 11 | സോണി മെമ്മോറിയൽ ഹോസ്പിറ്റൽ | രണ്ടാം അർദ്ധവർഷം |
| 12 | കണമല ക്ഷീരോത്പാദക സഹകരണ സംഘം | രണ്ടാം അർദ്ധവർഷം |
| 13 | മണിപ്പുഴ ക്ഷീരോത്പാദക സഹകരണ സംഘം | രണ്ടാം അർദ്ധവർഷം |
| 14 | ആതിര ഹോസ്പിറ്റൽ | രണ്ടാം അർദ്ധവർഷം |
| 15 | ബിവറേജസ് കോർപ്പറേഷൻ | രണ്ട് അർദ്ധവർഷങ്ങളും |

| | | |
|---|---|---|
| 16 | സപ്ളൈകോ എരുമേലി | രണ്ട് അർദ്ധവർഷങ്ങളും |
| 17 | അസ്സീസി ഹോസ്പിറ്റൽ മുക്കൂട്ടുതറ | രണ്ട് അർദ്ധവർഷങ്ങളും |
| 18 | യൂണിയൻ ബാങ്ക് എരുമേലി | ഒന്നാം അർദ്ധവർഷം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.9 ന് ലഭ്യമാക്കിയ മറുപടിയിൽ ഡിമാന്റ് രജിസ്റ്റർ എഴുതി പൂർത്തിയാക്കിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-5 ഡി& ഒ ലൈസൻസ് അപാകതകൾ

2016-17 സാമ്പത്തിക വർഷം 558 വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലൈസൻസ് നേടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉണ്ടോയെന്ന് തിരിച്ചറിയുന്നതിന് സാധിക്കുന്നില്ല. ഗ്രാമ പഞ്ചായത്തിലെ 23 വാർഡുകളിലായി വാണിജ്യാവശ്യത്തിനുള്ള വിവിധ വിഭാഗത്തിലുള്ള 2193 കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തിയതിന്റെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ളക്സിലെ 60 മുറികൾ വാണിജ്യാവശ്യത്തിനായി വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇതിനനുപാതികമായി ഡി& ഒ ലൈസൻസ് അപേക്ഷകൾ ലഭിക്കാത്തതിൽ നിന്നും സ്ഥാപനങ്ങൾ ലൈസൻസ് നേടാതെ പ്രവർത്തിക്കുന്നതായി വ്യക്തമാകുന്നു. ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് 4 പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ 2016-17 സാമ്പത്തിക വർഷം രണ്ട് പെട്രോൾ പമ്പുകൾ മാത്രമേ ലൈസൻസ് പുതുക്കിയിട്ടുള്ളൂ. പഞ്ചായത്ത് ഓഫീസിന് സമീപത്തുള്ള ഇളപ്പുങ്കൽ സോമിൽ & ഫർണിച്ചർമാർട്ട് എന്ന സ്ഥാപനവും തൻവർഷം ലൈസൻസ് പുതുക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സ്ഥാപനങ്ങൾക്ക് സ്ഥിരം നമ്പരുകൾ നൽകി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് അടിയന്തിരമായി തയ്യാറാക്കേണ്ടതാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകരമായ നടപടികൾ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 2-6 ശബരിമല- സ്പെഷ്യൽ ലേലം

ശബരിമല മഹോൽസവത്തോടനുബന്ധിച്ച് എരുമേലി ഗ്രാമ പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന വിവിധ ഇനങ്ങൾ 27.10.16 ലെ എ.9-9011/16 നമ്പർ ഉത്തരവ് പ്രകാരം 10.11.16 ൽ ലേലം ചെയ്ത് നൽകുകയുണ്ടായി. ഫയൽ പരിശോധിച്ചതിൽ നിന്നും മുൻവർഷത്തേതിനേക്കാൾ കുറഞ്ഞ തുകയ്ക്കാണ് പല ഇനങ്ങളും ലേലം ചെയ്ത് നൽകിയിട്ടുള്ളത് എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലേല ഇനം | ലേലം ഉറപ്പിച്ച തുക | മുൻവർഷത്തെ ലേല തുക |
|---|---|---|---|
| 1 | എരുമേലി പഞ്ചായത്ത് ഓഫീസിന്റെ സമീപത്തുള്ള കംഫർട്ട് സ്റ്റേഷനിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം | 5500 | 13000 |
| 2 | പേരൂർതോട്ടിലുള്ള കംഫർട്ട് സ്റ്റേഷനിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം | 10800 | 15500 |
| 3 | ഓരുങ്കൽ കടവ് കംഫർട്ട് സ്റ്റേഷനിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം | 26000 | 41000 |
| 4 | കണമല-പ്ളോട്ട്നം 3ൽ വ്യാപാരം നടത്തുന്നതിനുള്ള അവകാശം | 3100 | 3700 |

ശബരിമല മഹോൽസവത്തോടനുബന്ധിച്ച് ഓരോ വർഷവും ഭക്തജനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ലേല തുക കുറഞ്ഞുപോകാനുണ്ടായ സാഹചര്യം വ്യക്തമല്ല. ലേല നടപടികളിൽ യഥാർത്ഥ മത്സരക്ഷമത ഉണ്ടാകുന്നുവെന്നും വരുമാന ചോർച്ച ഉണ്ടാകുന്നില്ലെന്നും ഉറപ്പ് വരുത്തേണ്ടതാണ്. തനത് വരുമാനം പരിച്ചെടുക്കുന്നതിലെ കാര്യക്ഷമത ഇല്ലായ്മയാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്കുകളുടെ പരിപാലനം-മാതൃകാ പദ്ധതി

എരുമേലി ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം തെരുവ് വിളക്കുകളുടെ പരിപാലനം പദ്ധതി (പ്രോജക്ട് നമ്പർ 140/17) മികച്ച രീതിയിൽ ആവിഷ്കരിച്ച് നടപ്പാക്കുകയുണ്ടായി. പഞ്ചായത്ത് ഡയറക്ടറുടെ 17-8-2015 ലെ ജി2-44274/15 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, അടാട്ട് ഗ്രാമപഞ്ചായത്തിനെ മാതൃകയാക്കിയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. വാർഡ്

അടിസ്ഥാനത്തിൽ വാർഡ് മെമ്പർ, റെസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ വ്യാപാരി വ്യവസായി പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി വാർഡുതല കമ്മിറ്റികൾ രൂപീകരിക്കുക, തെരുവ് വിളക്കുകളുടെ രജിസ്റ്റർ തയ്യാറാക്കുക, കംപ്ലയിന്റ് രജിസ്റ്റർ തയ്യാറാക്കുക, ആയത് പരിശോധിച്ച് തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുക എന്നിങ്ങനെയാണ് പ്രവർത്തനം ആസൂത്രണം ചെയ്തത്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മെമ്പർമാർ, റെസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ, കെ.എസ്.ഇ.ബി.എഞ്ചിനീയർ തുടങ്ങിയവർ ഉൾപ്പെട്ട മോണിട്ടറിങ് സമിതി രൂപീകരിക്കുന്നതിനും ലക്ഷ്യമിട്ടിരുന്നു.

പദ്ധതിയുടെ ഭാഗമായി തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കാവശ്യമായ സാമഗ്രികൾ ടെണ്ടർ നടപടികളിലൂടെ വാങ്ങുന്നതിനും, മെയിന്റനൻസിനായി ദിവസവേതനാടിസ്ഥാനത്തിൽ രണ്ട് ഇലക്ട്രീഷ്യൻമാരെ നിയമിക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികളിലൂടെ അറ്റകുറ്റപ്പണികൾക്കാവശ്യമായ സാമഗ്രികൾ അൽ-മനാ ട്രേഡിംഗ് കമ്പനി പത്തനംതിട്ട എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുകയും ചെയ്തിട്ടുണ്ട്. ദിവസവേതനാടിസ്ഥാനത്തിൽ രണ്ട് ഇലക്ട്രീഷ്യൻമാരെ നിയമിക്കുന്നതിന് പഞ്ചായത്ത് അപേക്ഷ ക്ഷണിക്കുകയും,അധികൃതർ നടത്തിയ കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിൽ ദിവസവും 15 നം 25നം ഇടയ്ക്ക് തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനായി ജോലി ചെയ്യുന്ന ദിവസത്തിന് 700/-രൂപ നിരക്കിൽ രണ്ടുപേരെ നിയമിക്കുകയും ചെയ്തു. പദ്ധതിയുടെ നോഡൽ ഓഫീസറായി അസി.സെക്രട്ടറിയെ നിയമിച്ചിട്ടുണ്ട്.

2016 നവംബർ മുതൽ 2017 ജൂലൈ വരെയുള്ള കാലയളവിലേക്ക് തനത് ഫണ്ടിൽ നിന്നും 10,00,000/-രൂപ വക കൊള്ളിച്ച പദ്ധതിക്കായി 2017 മാർച്ച് 31വരെയുള്ള ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഇനം | ചെലവഴിച്ച തുക |
|---|---|---|
| 1 | റിപ്പയറിഗ് ടൂൾസ് | 16030/- |
| 2 | മെയിന്റനൻസ് സാമഗ്രികൾ | 481985/- |
| 3 | വേതനം | 69050/- |
| | ആകെ | 567065/- |

സ്റ്റോക്ക് രജിസ്റ്റർ, കംപ്ലയിന്റ് രജിസ്റ്റർ, തെരുവ് വിളക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്. പരിഹരിച്ച പരാതികളുടെ വിവരങ്ങൾ രജിസ്റ്റ റിൽ സൂക്ഷിക്കുന്നുണ്ട്. ന്യൂനതകൾക്ക് ഇടം നൽകാത്ത രീതിയിൽ പദ്ധ തി ആവിഷ്കരിച്ച് നടപ്പാക്കാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും മെയിന്റനൻസിനായി സാധനങ്ങൾ വാങ്ങിയതിലെ കുറവ് മൂലം നിലവിൽ പദ്ധതിയുടെ പ്രവർത്തനം തടസ്സപ്പെട്ടിരിക്കുകയാണ്. പഞ്ചായത്തിന്റെ പഴയവാഹനം (KL5V9201) പദ്ധതിയുടെ ആവശ്യത്തിലേക്കായി ഉപയോഗിക്കുന്നതിന് എ3/7726/16 നമ്പർ കത്ത് പ്രകാരം 4-10-16-ൽ പഞ്ചായത്ത് ഡയറക്ടറോട് അനുമതി തേടിയിട്ടുണ്ടെങ്കിലും ലഭ്യമായിട്ടില്ല. വരും വർഷത്തിൽ ആവശ്യമായ രീതിയിൽ മെയിന്റനൻസ് സാമഗ്രികൾ പദ്ധതിയിൽ വകകൊള്ളിക്കേണ്ടതും പദ്ധതിയുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കേണ്ടതുമാണ്.

## 3-2 മാലിന്യശേഖരണവും സംസ്കരണവും ഫലപ്രദമല്ല

2016 ൽ നിലവിൽ വന്ന Solid Waste Management Rules 2016 (2000ലെ മുൻസിപ്പൽ ഖരമാലിന്യ (മാനേജ്മെന്റ് ആന്റ് ഹാന്റ്ലിംഗ് ചട്ടങ്ങൾ പരിഷ്കരിച്ചത്) ചട്ടം (1) പ്രകാരം പ്രശസ്ത തീർത്ഥാടനകേന്ദ്രങ്ങൾ ചട്ടങ്ങളുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസിദ്ധ തീർത്ഥാടനകേന്ദ്രമെന്ന നിലയിൽ എരുമേലി പഞ്ചായത്ത് ടി ചട്ടങ്ങളുടെ പരിധിയിൽ പെടുത്താവുന്നതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ കെ.എം.ഷാഹുൽ ഹമീദിന്റെ സാന്നിദ്ധ്യത്തിൽ 26-5-2017 തീയതിയിൽ പഞ്ചായത്ത് മാലിന്യനിക്ഷേപം നടത്തിവരുന്ന കവുങ്ങും കുഴി, കൊടിത്തോട്ടം എന്നീ സ്ഥലങ്ങൾ ഓഡിറ്റ് ടീം പരിശോധിക്കുകയുണ്ടായി.ഇതിൽ കൊടിത്തോട്ടം ഭാഗത്ത് മാലിന്യസംസ്കരണത്തിന് ഉപയോഗിച്ചിരുന്ന ഇൻസിനറേറ്റർ നശിച്ചതിനാൽ സംസ്കരണം നിർത്തിയതായും കവുങ്ങുംകുഴിയിൽ മാലിന്യം ശേഖരിച്ച് ഇനം തിരിച്ച് ജൈവമാലിന്യം വളം നിർമ്മാണത്തിനും, പ്ലാസ്റ്റിക് മാലിന്യം റീസൈക്കിൾ ചെയ്യുന്നതിനും പദ്ധതിയിട്ടിരുന്നെങ്കിലും നിലവിൽ 5 ജോലിക്കാർ ചേർന്ന് ഇനം തിരിക്കൽ മാത്രമാണ് നടക്കുന്നത്. ശബരിമല തീർത്ഥാടന കാലത്ത് നിക്ഷേപിക്കപ്പെടുന്ന ക്രമാതീതമായ അളവില്ലുള്ള ഖരമാലിന്യങ്ങൾ ശാസ്ത്രീയമായി ശേഖരിച്ച് സംസ്കരിക്കുക എന്നത് ഗ്രാമപഞ്ചായത്ത് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണെങ്കിലും ഇതിനായുള്ള എല്ലാ നടപടികളും പരാജയപ്പെടുന്നരീതിയിൽ മാലിന്യം കുന്നുകൂടിയിരിക്കുന്നു.





2016 ലെ Solid Waste Management Rules പ്രകാരം മാലിന്യ ഉല്പാദകർ തന്നെ മാലിന്യം ഇനം തിരിച്ച് ശേഖരിക്കുന്നവരെ ഏല്പിക്കേണ്ടതും ശേഖരിക്കുന്ന മാലിന്യം വളം നിർമ്മാണം, ഊർജോല്പാദന പദ്ധതികൾ, തുടങ്ങിയവയിലൂടെ സംസ്കരിക്കേണ്ടതുമാണ്. മലിനീകരണം ഉണ്ടാകാത്ത രീതിയിൽ മണ്ണിട്ട് മൂടുന്നതും അനുവദനീയമാണ്. മാലിന്യസംസ്കരണത്തിന് ഫലപ്രദമായ പദ്ധതികൾ തയ്യാറാക്കുന്നതിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടിയിരിക്കുന്നു.

<u>മാലിന്യം സംസ്കരിക്കാതെ നീക്കം ചെയ്യുന്നതിന് കരാറുകാരനെ ഏല്പിച്ചത് നിയമാനുസൃതമല്ല</u>

308/17 നമ്പരായി 2016-17 വർഷം പഞ്ചായത്ത് ഏറ്റെടുത്ത പ്രോജക്ടാണ് മാലിന്യസംസ്കരണ പ്ളാന്റിലെ മാലിന്യം നീക്കം ചെയ്യൽ. നിലവിൽ കവുങ്ങും കുഴി, കൊടിത്തോട്ടം എന്നീ സ്ഥലങ്ങളിലാണ് പഞ്ചായത്ത് പ്രദേശത്തുള്ള മാലിന്യം നിക്ഷേപിച്ചു വരുന്നത്. സംസ്കരണം അസാദ്ധ്യമായി അളവുകൂടിയപ്പോൾ പ്രസ്തുത സ്ഥലങ്ങളിൽ നിന്നും 20 കി.മീ അകലെ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ മാലിന്യം നീക്കം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. തൻ വർഷം കരാർ ഏറ്റെടുത്ത ശ്രീ എ.ജി.അനിൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ കെ.എം ഷാഹുൽ ഹമീദ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ 26-5-2017 തീയതിയിൽ മാലിന്യം നിക്ഷേപിക്കുന്ന കവുങ്ങും കുഴി, കൊടിത്തോട്ടം എന്നീ സ്ഥലങ്ങളും മാലിന്യം ശേഖരിച്ച് കരാറുകാരൻ നിർമ്മാർജ്ജനം ചെയ്ത ചെമ്പകപ്പാറ എന്ന സ്ഥലവും പരിശോധിച്ചു. ഈ സ്ഥലങ്ങൾ തമ്മിലുള്ള അകലം 10 കി.മീ ആണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും 350000/-രൂപ വകയിരുത്തിയ പദ്ധതിക്ക് 252877/- രൂപ ചെലവഴിച്ചിട്ടുണ്ട് (10.5% ടെണ്ടർ കുറവ്). നികുതി കിഴിച്ച് കരാറുകാരന് നല്കിയത് 237706/- രൂപയാണ്. അളവുപുസ്തകപ്രകാരം കവുങ്ങുംകുഴിയിൽ നിന്നും 313.09 ഘനമീറ്ററും കൊടിത്തോട്ടം ഭാഗത്തുനിന്ന് 513.85 ഘനമീറ്ററും മാലിന്യം ആണ് നീക്കം ചെയ്തിട്ടുള്ളത്. ഇതിന് ഘനമീറ്ററിന് 394.62 രൂപയാണ് കരാറുകാരന് നല്കിയിട്ടുള്ളത് . ആയതിന്റെ ഡാറ്റ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Rate up to 5 km (initial lead) | 851.89 |
| Rate 5to 10 km 5x64.24 | 321.2 |
| Rate 10 to 20 km 10x53.40 | 534 |
| Total | 1707.09/Trip |
| Water 1% | 17.07 |
| CP OH 15% | 256.06 |
| Total | 1980.22 |
| CI 1.4667 | 2904.39/7.36=394.62 |
| | 394.62/ഘനമീറ്റർ |

10 കി.മീറ്ററിനുള്ളിൽ ഉള്ള മാലിന്യ നീക്കത്തിന് മുകളിൽ പറഞ്ഞിട്ടുള്ള 10 മുതൽ 20 വരെ കിലോമീറ്റർ ദൂരത്തിനുള്ള അനുവദനീയമായ 534/- രൂപ അനുവദനീയമല്ല. ഇതൊഴിവാക്കിയുള്ള ഡാറ്റ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Rate up to 5 km (initial lead) | 851.89 |
| Rate 5to 10 km x 564.24 | 321.2 |
| Total | 1173.09/Trip |
| Water 1% | 11.73 |
| CP OH 15% | 175.96 |
| Total | 1360.78 |
| CI 1.4667 | 1995.86/7.36=271.18 |

| | |
|---|---|
| | 271.18/ഘനമീറ്റർ |

അളവുപുസ്തകം പ്രകാരം നല്കിയതും യഥാർത്ഥത്തിൽ നൽകാവുന്നതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അളവുപുസ്തകപ്രകാരം നല്കിയ തുക | 715.99@394.62 | 282544-29667.11(ടെണ്ടർ കുറവ്)<br>252876.85<br>നികുതിയിനത്തിൽ17702 കുറച്ച് **235174.85** രൂപ കരാറുകാരന് നല്കി |
| യഥാർത്ഥത്തിൽ നല്കാവുന്ന തുക | 715.99@271.18<br>(ടേപ്പ് മെഷർമെന്റ് പ്രകാരമുള്ള അളവിൽ നിന്നുള്ള കിഴിവിന് ശേഷം) | 194162.17-20387.03(ടെണ്ടർ കുറവ്)<br>173775.14 നികുതിയിനത്തിൽ 10426.56 കുറച്ച് **163348.58** രൂപ നല്കാവുന്നതാണ് |
| അധികം നല്കിയത് | | **71826.27** രൂപ |

മാലിന്യനിർമ്മാർജ്ജനം പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട കാര്യമാണെന്നിരിക്കെ മാലിന്യം സംസ്കരണം നടത്തുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കാതെ 20 കിലോമീറ്ററിന് അപ്പുറം നീക്കംചെയ്യുന്നതിന് കരാറുകാരനെ ചുമതലപ്പെടുത്തിയത് നിയമാനുസൃതമല്ല. കൂടാതെ പഞ്ചായത്ത് പരിധിയിൽ തന്നെ 10 കിലോമീറ്ററിന് ഉള്ളിൽ സ്വകാര്യവ്യക്തിയുടെ സ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നതിന് 20 കിലോമീറ്റർ ദൂരം കണക്കാക്കി അധികച്ചെലവ് വരുത്തിയത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റയും, മാലിന്യസംസ്കരണം നടത്താതെ മാലിന്യനീക്കത്തിന് പ്രോജക്ട് തയ്യാറാക്കിയത് ഭരണസമിതിയുടെയും വീഴ്ചയാണ്. മാലിന്യസംസ്കരണത്തിന് നടപടികൾ സ്വീകരിക്കുകയും പഞ്ചായത്തിനുണ്ടായ അധികച്ചെലവ് ഉത്തരവാദികളിൽ നിന്ന് ഈടാക്കുകയും ചെയ്യേണ്ടതാണ്. ഖരമാലിന്യ ശേഖരണവും സംസ്കരണവും എന്നത് എരുമേലി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് പ്രത്യേക പരിഗണന അർഹിക്കുന്ന വിഷയമായതിനാൽ ഇതിനുള്ള ഗ്രാമപഞ്ചായത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ ഫണ്ടുകൾ സമാഹരിക്കുന്നതിനും ഊർജ്ജിത നടപടികൾ അനിവാര്യമാണ് എന്നും ഓഡിറ്റ് വിലയിരുത്തുന്നു.

## 3-3 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ കൃത്യമായ സ്പെസിഫിക്കേഷനില്ല.

ചീഫ് എഞ്ചിനീയറുടെ 10-8-2016 ലെ DB3/6512/2013/CE/LSGD നമ്പർ സർക്കുലർ പ്രകാരം റോഡുപ്രവൃത്തികളിൽ MoRD ഡാറ്റയും സ്പെസിഫിക്കേഷനും ഉപയോഗിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ നിർവ്വഹിച്ച റോഡ് പ്രവൃത്തി കോൺക്രീറ്റിംഗ് ആണ്. ഇതിന് ഉപയോഗിക്കാവുന്ന ഡാറ്റ MoRD ഡാറ്റാ ബുക്ക് അദ്ധ്യായം 6 ൽ പറഞ്ഞിട്ടുള്ള കോൺക്രീറ്റ് പേവ്മെന്റിനുള്ള ഡാറ്റ ആണ്. തയ്യാറാക്കിയ WBM പ്രതലത്തിൽ കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തിയാണ് ഇത്. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ബേസ് കോൺക്രീറ്റ് ആയി 1:4:8 മിശ്രിതവും(ഇത് MoRD സ്പെസിഫിക്കേഷനിൽ ഉൾപ്പെടുന്നില്ല) അതിനുമുകളിൽ 1:2:4 മിശ്രിതവും ഉപയോഗിക്കുന്ന രീതിയാണ് അനുവർത്തിക്കുന്നത് എന്ന് കാണുന്നു. ഇത് അനുവദിച്ചുകൊണ്ടുള്ള ചീഫ് എഞ്ചിനീയറുടെ സർക്കുലറുകളോ സാങ്കേതികത അംഗീകരിക്കുന്ന ഏതെങ്കിലും സ്പെസിഫിക്കേഷനുകളോ പരിശോധനക്ക് ഹാജരാക്കാൻ എഞ്ചിനീയറിംഗ് വിഭാഗത്തിന് കഴിഞ്ഞിട്ടില്ല.സാങ്കേതിക പിൻബലമില്ലാതെ ഇത്തരം പ്രവൃത്തികൾ ചെയ്യുന്നത് ഉന്നത അധികാരികൾ പരിശോധിക്കേണ്ടതും ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

<u>കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല.</u>

ബേസ് കോൺക്രീറ്റ് ആയി ഉപയോഗിക്കുന്ന 1:4:8 മിശ്രിതം MoRD സ്പെസിഫിക്കേഷനിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ 1:3:6 മിശ്രിത പരിഷ്കരിച്ചാണ് ഡാറ്റാ തയ്യാറാക്കിയിട്ടുള്ളത് . ഇതു പ്രകാരം 1:4:8 മിശ്രിതം തയ്യാറാക്കുന്നത് 40,20,10 മി.മി മെറ്റൽ ഉൾപ്പെട്ട ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ചും 1:2:4 മിശ്രിതം തയ്യാറാക്കുന്നത് 20,10 മി.മി മെറ്റൽ ഉൾപ്പെട്ട ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ചും ആണ്. എന്നാൽ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ഗ്രേഡഡ് മെറ്റൽ ഉപയോഗിക്കുന്നില്ല എന്ന് ബോധ്യപ്പെട്ടു. ഇതുമൂലം കൺവീനർമാർക്ക് അധികനിരക്ക് നല്കുന്ന സാഹചര്യവും നിലവിലുണ്ട്.നിർദ്ദേശാനുസരണമുള്ള പ്രവൃത്തികൾ നടക്കുന്നില്ല എന്നത് മേൽനോട്ടം വഹിക്കുന്ന എഞ്ചിനീയറിംഗ് വിഭാഗത്തിന്റെയും മോണിറ്ററിംഗ് സമിതികളുടെയും പരാജയമാണ്.

<u>ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളിൽ ഗുണനിലവാരം പാലിച്ചില്ല</u>

2016-17 ൽ മരാമത്ത് പ്രവൃത്തികളുടെ സിംഹഭാഗവും ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളും ,പാർശ്വഭിത്തി നിർമ്മാണവും ആയിരുന്നു.വിശദപരിശോധനക്ക് തെരഞ്ഞെടുത്ത പട്ടാളിമുക്ക്-കരിങ്കല്ലുംമൂഴി റോഡ് കോൺക്രീറ്റിംഗ്പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ (പ്രോ.നം 205/17)പ്രവൃത്തി

നിർവ്വഹണത്തിനാവശ്യമായ അളവിൽ മെറ്റീരിയൽസ് ഉപയോഗിക്കാത്തതുമൂലം ഗുണനിലവാരം പാലിച്ചിട്ടില്ല എന്ന് കണ്ടു .അളവുപുസ്തകപ്രകാരം 29.427ഘനമീറ്റർ 1:4:8 മിശ്രിതം ഉപയോഗിച്ച് ബേസ് കോൺക്രീറ്റും 30.72427ഘനമീറ്റർ 1:2:4 മിശ്രിതം ഉപയോഗിച്ച് ഉപരിതല കോൺക്രീറ്റും ചെയ്തിട്ടുണ്ട്. കൺവീനർ ഹാജരാക്കിയ ബില്ലുകൾ, പാസ്സാക്കിയ കണക്ക് എന്നിവ പ്രകാരം യഥാർത്ഥത്തിൽ വാങ്ങിയ സാധനങ്ങളും, ഡാറ്റാ പ്രകാരം ആവശ്യമായ സാധനങ്ങളും ചുവടെ ചേർക്കുന്നു.

| മെറ്റീരിയൽ | 1:4:8<br>29.427ഘ.മീ | 1:2:4<br>30.72ഘ.മീ | ആകെ ആവശ്യം | കൺവീനർ വാങ്ങിയത് |
|---|---|---|---|---|
| 40മി.മീ മെറ്റൽ | 16.95ഘ.മീ | - | 16.95ഘ.മീ<br>598.50ഘ.അടി | 700ഘ.അടി |
| 20മി.മീ മെറ്റൽ | 8.47ഘ.മീ | 16.58ഘ.മീ | 25.05ഘ.മീ<br>884.51ഘ.അടി | 700ഘ.അടി |
| 10മി.മീ മെറ്റൽ | 2.82ഘ.മീ | 11.06ഘ.മീ | 13.88ഘ.മീ<br>490.10ഘ.അടി | |
| മണൽ | 14.12ഘ.മീ | 13.82ഘ.മീ | 27.94ഘ.മീ<br>987ഘ.അടി | 700ഘ.അടി |
| സിമന്റ് | 5002.59 കി.ഗ്രാം | 10137.6 | 15140.19<br>302 bag | 330 bag |

മേൽ പട്ടികയിൽ നിന്നും പ്രവൃത്തിക്ക് ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ചിട്ടില്ല എന്ന് വ്യക്തമാണ് കൂടാതെ 1:4:8 മിശ്രിതത്തിന് 40മി.മീ മെറ്റൽ മാത്രം ഉപയോഗിച്ചാൽ ഒരു ഘ.മീറ്റർ കോൺക്രീറ്റിന് 0.96 ഘ.മീ നിരക്കിൽ 29.427 ഘ.മീ കോൺക്രീറ്റിന് 28.25 ഘ.മീ (997.51ഘ.അടി)മെറ്റലും 1:2:4 മിശ്രിതത്തിന് 20മി.മീ മെറ്റൽ മാത്രം ഉപയോഗിച്ചാൽ ഒരു ഘ.മീറ്റർ കോൺക്രീറ്റിന് 0.90 ഘ.മീ നിരക്കിൽ 30.72 ഘ.മീ കോൺക്രീറ്റിന് 27.64 ഘ.മീ (975.96ഘ.അടി)മെറ്റലും ആവശ്യമുള്ളപ്പോൾ ആയവ യഥാക്രമം 700 ഘ.അടി വീതവും മണൽ ആകെ 987 ഘ.അടി ആവശ്യമുള്ളപ്പോൾ ഇത് 700 ഘ.അടിയും മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത് . ആവശ്യത്തിൽ കുറവ് സാധനം ഉപയോഗിച്ചത് പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിക്കുന്നതിനും പഞ്ചായത്തിന് അനാവശ്യചെലവ് ഉണ്ടാകുന്നതിനും കാരണമായിട്ടുണ്ട്.സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഭാഗത്തുനിന്ന് ഉണ്ടായ സൂക്ഷ്മതക്കുറവാണ് ഇത്തരം അപാകതകൾക്ക് കാരണമാകുന്നത്. സാങ്കേതിക അനുമതിലഭിച്ച എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ച പ്രവൃത്തി ഗുണനിലവാരം ഉറപ്പാക്കി ചെയ്യുന്ന് എന്ന് എഞ്ചിനീയറിംഗ് വിഭാഗം ഉറപ്പുവരുത്തേണ്ടതാണ്.

## 3-4 <u>വിശദമായ പ്രോജക്ട് റിപ്പോർട്ടും മതിയായ ഫണ്ടും ഇല്ലാതെ കെട്ടിട നിർമ്മാണം ഏറ്റെടുത്തു</u>

പാക്കാനം പട്ടിക വർഗ്ഗ സങ്കേതത്തിൽ കമ്മ്യൂണിറ്റി ഹാൾ പണിയുന്നതിന് 23-11-2015 ൽ സി 22635/15 നമ്പർ ഉത്തരവു പ്രകാരം കാഞ്ഞിരപ്പള്ളി ഐ.റ്റി.ഡി പ്രോജക്ട് ഓഫീസർ 2015-16 വർഷത്തെ പട്ടികവർഗ്ഗ ഉപപദ്ധതിയിൽപ്പെടുത്തി-കോർപ്പസ് ഫണ്ട് (ഗ്യാപ് ഫണ്ട്) 1998000/- രൂപ അനുവദിച്ചിരുന്നു. കളക്ടറുടെ ഭരണാനുമതി ലഭിച്ച പദ്ധയിൽ ആദ്യഗഡു ആയി 1326888/- രൂപ നൽകി. ഇത് അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൽ കമ്മ്യൂണിറ്റി ഹാളിന് അനുമതിലഭിച്ച തുകയിൽ കൂടുതൽ നല്കില്ലെന്നും ഹാൾ നിർമ്മാണം 2016 മാർച്ചിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. പ്രവൃത്തി പൂർത്തീകരണത്തിനാവശ്യമായ വിധംപ്രോജക്ട് റിപ്പോർട്ട്, പ്ലാൻ, എലിവേഷൻ, സ്ട്രക്ചറൽ ഡിസൈൻ എന്നിവ തയ്യാറാക്കുകയോ മതിയായ ഫണ്ട് കണ്ടെത്തുകയോ ചെയ്തിരുന്നില്ല. കെട്ടിടത്തിന് ഭാഗികമായി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് സാങ്കേതിക അനുമതി നേടിയിട്ടുള്ളത്. 23.6.2016 ൽ സ്ട്രക്ച്ചർ നിർമ്മാണം പൂർത്തിയാക്കി 19,98,000/- രൂപ ബിൽ മാറുകയും ചെയ്തിട്ടുണ്ട്.



ഈ കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് 2016-17 വർഷം ഫണ്ട് വകയിരുത്തുകയോ തുടർ പണികൾ നടത്തുകയോ ചെയ്തിട്ടില്ല.



നിലവിൽ മലയരയ സമുദായം വക ക്ഷേത്ര സ്ഥലത്തിന് സമീപമുള്ള പട്ടയരഹിത ഭൂമിയിലാണ് കെട്ടിട നിർമ്മാണം അനുവദിച്ചിട്ടുള്ളത്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിന് നൽകിയെന്ന് പറയുന്നുണ്ടെങ്കിലും പട്ടയമില്ലാത്തതിനാൽ ഇതിന്റെ നിയമസാധുത ബോധ്യപ്പെട്ടില്ല. മാർച്ച് 2016 ന് ശേഷം തുടർനടപടികൾ ഉണ്ടായിട്ടില്ല. ആവശ്യമായ ഫണ്ട് കണ്ടെത്താതെയും രൂപരേഖ തയ്യാറാക്കാതെയും നിർമ്മാണപ്രവൃത്തികൾ ഏറ്റെടുത്തതിലൂടെ സർക്കാർ പണം നിഷ്ക്രിയ ആസ്തിയാക്കിയത് ഭരണരംഗത്തും ഉദ്യോഗസ്ഥ രംഗത്തും ഉണ്ടായവീഴ്ചയാണ്. കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 പ്രവൃത്തി നിർവ്വഹണത്തിൽ നീതീകരിക്കാനാവാത്ത കാലതാമസം

ജി.ഒ പി13/2012/PWD/1-2-2012 നമ്പരായുള്ള കേരള പൊതുമരാമത്ത് മാന്വൽ(പുതുക്കിയത്) 2116.2 പ്രകാരം കരാർ വെച്ച ശേഷം സ്ഥലം ഏറ്റെടുക്കാത്തതും പണി തുടങ്ങാത്തതും, കരാർ റദ്ദാക്കുന്നതിനും നഷ്ടോത്തരവാദിത്വത്തിൽ പണി പൂർത്തിയാക്കുന്നതിനും മതിയായ കാരണമാണ്. സെക്യൂരിറ്റി ഡപ്പോസിറ്റ് ഉൾപ്പെടെയുള്ള തുക മുതൽക്കൂട്ടുന്നതിനും തടസ്സമില്ല. എന്നാൽ ശ്രീ ലിബിൻ ബേബി എന്ന കരാറുകാരൻ പഞ്ചായത്തുമായി കരാർ വെച്ച ശേഷം 3 മാസം കൊണ്ട് തീർക്കേണ്ട പ്രവൃത്തി ആരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനും 2 വർഷം വരെ എടുത്തത് ശ്രദ്ധയിൽപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ്/നംപർ | എഗ്രിമെന്റ്നം./തീയതി | പണിപൂർത്തിയാക്കേണ്ടിയിരുന്ന തീയതി | പൂർത്തിയാക്കിയ തീയതി |
|---|---|---|---|
| തുമരംപാറ ട്രൈബൽ സ്കൂൾ കഞ്ഞിപ്പുര നിർമ്മാണം | 53/13-14, 12-11-2013 | 31-3-2014 | 23-5-2016 (ആരംഭിച്ചത് 12-4-2016) |
| പാണപിലാവ് അംഗൻവാടി മെയിന്റനൻസ് | 108/14-15 3-2-2015 | 31-3-2015 | 26-5-16 (ആരംഭിച്ചത് 12-4-2016) |

കേവലം ഒരുമാസം കൊണ്ട് തീരുന്ന പ്രവൃത്തി എഗ്രിമെന്റ് വെച്ച് 2 വർഷം വരെ പ്രത്യേക കാരണങ്ങൾ കൂടാതെ ചെയ്യാതിരുന്നത് കരാറുകാരന്റെ ഭാഗത്തു നിന്ന് ഉണ്ടായ വീഴ്ചയാണ് . 12-11-2013 ൽ എഗ്രിമെന്റ് വെച്ച പ്രവൃത്തി ചെയ്യാതിരുന്ന കരാറുകാരനെതിരെ നടപടികൾ സ്വീകരിക്കുന്നതിന് പകരം 3-2-15 ൽ അടുത്ത പ്രവൃത്തി ഏൽപ്പിച്ച് നല്കിയതും യാതൊരു സമയക്രമവും പാലിക്കാതെ ചെയ്ത പ്രവൃത്തി അളവുരേഖപ്പെടുത്തി നിയമാനുസൃതമുള്ള പിഴ പോലും ഈടാക്കാതെ തുക നല്കിയതും നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്ന് ഉണ്ടായ ഗുരുതരമായ വീഴ്ചയാണ്. ഈ വിഷയത്തിൽ വകുപ്പു തല അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെയും കരാറുകാരനെതിരെയും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 സർക്കാർ ഉത്തരവ് പ്രകാരം KSWDC യിൽ നിക്ഷേപിച്ച തുക--ചെലവ് നിർണ്ണയം നടത്തിയിരുന്നില്ല

സ്കൂളുകളിൽ സാനിട്ടറി നാപ്കിൻ വിതരണയൂണിറ്റ് സ്ഥാപിക്കുന്നതിന് പദ്ധതിച്ചെലവിന്റെ 50% തുക കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ മുൻകൂറായി നിക്ഷേപിക്കുന്നതിന് സർക്കാർ 25-1-2016 ലെ 280/16 നമ്പർ ഉത്തരവിലൂടെ അനുമതി നല്കിയിട്ടുണ്ട്.കോർപ്പറേഷന്റെ 30-9-2016 ലെ KSWDC/Po2/shepad/LSGD/15-16 കത്ത് പ്രകാരം ഒരു യൂണിറ്റിലെ ഇൻസിനേറ്റർ, അലമാര എന്നിവക്ക് മാത്രം 58434/- രൂപ ചെലവ് വരും.(സാനിട്ടറി നാപ്കിൻ പാക്കറ്റിന് 33.50 രൂപ വീതം പുറമെ).പഞ്ചായത്തിലെ മൂന്ന് സ്കൂളുകളിൽ യൂണിറ്റ് തുടങ്ങുന്നതിനാണ് തീരുമാനം എടുത്തിട്ടുള്ളത് (പ്രോജക്റ്റ് നംപർ 303/17, നിർവ്വഹണഉദ്യോഗസ്ഥൻ ഹെഡ്മാസ്റ്റർ). പദ്ധതിച്ചെലവ് ഏകദേശം 200000/- രൂപക്ക് മുകളിൽ വരുമെന്നിരിക്കെ ചെലവ് കണക്ക് തയ്യാറാക്കുക പോലും ചെയ്യാതെ 50000/- രൂപ അഡ്വാൻസായി കോർപ്പറേഷന് 20-2-2017nd] നല്കിയിട്ടുണ്ട്.(SBI/ 35810483408 അക്കൗണ്ടിൽ നല്കി).കോർപ്പറേഷന്റെ 7-3-17 ലെ കത്ത് പ്രകാരം പദ്ധതി നിർവ്വഹണം നടത്തുന്നതിനുള്ള ഏജൻസിയെ നിശ്ചയിച്ചിട്ടില്ല എന്നും, നടത്തിപ്പുമായി ബന്ധപ്പെട്ട് വ്യവഹാരം ഉള്ളതിനാൽ നിർവ്വഹണത്തിൽ കാലതാമസം ഉണ്ടാകുമെന്നും അറിയിച്ചിട്ടുണ്ട്. ചുരുക്കത്തിൽ കൃത്യമായ ചെലവ് പോലും നിർണ്ണയിക്കാതെ കോർപ്പറേഷനിൽ അടച്ച തുക നിഷ്ക്രിയമായി അവശേഷിക്കുന്നു. പദ്ധതിയുടെ തുടർ നടത്തിപ്പ് മോണിറ്റർ ചെയ്യേണ്ടതും പഞ്ചായത്ത് നല്കിയ തുക നഷ്ടപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 3-7 പദ്ധതിപ്രവർത്തനങ്ങൾക്കായി 27 കോടി രൂപ ചെലവഴിച്ച അങ്കണവാടി ജീർണാവസ്ഥയിൽ.

ഗ്രാമപഞ്ചായത്തിൽ 12-ാം പദ്ധതികാലത്ത് വിവിധ പ്രോജക്ടുകളുടെ നിർവഹണത്തിനായി ചെലവഴിച്ചത് 27 കോടി രൂപയോളമാണ്. ഓഡിറ്റിന്റെ ഭാഗമായി നടത്തിയ പ്രാദേശികപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട എരുമേലി ടൗണിനോട് ചേർന്ന 7-ാം വാർഡായ നേർച്ചപ്പാറയിൽ സ്ഥിതിചെയ്യുന്ന 89-ാം നമ്പർ അങ്കണവാടി പദ്ധതിരൂപീകരണ നിർവഹണ പ്രവർത്തനങ്ങളിലെ കാര്യക്ഷമതയില്ലായ്മയുടെ ദൃഷ്ടാന്തമാണ്. ഏത് നിമിഷവും നിലം പൊത്താവുന്ന രീതിയിൽ തികച്ചും ജീർണാവസ്ഥയിൽ, അടിസ്ഥാനസൗകര്യങ്ങളൊന്നും ഇല്ലാതെയാണ് പാവപ്പെട്ട കുടുംബങ്ങളിലെ കുഞ്ഞുങ്ങൾ ആശ്രയിക്കുന്ന ഈ അങ്കണവാടി നിലവിൽ പ്രവർത്തിക്കുന്നത്. പദ്ധതിപ്രവർത്തനങ്ങളിൽ മുൻഗണനകൾ നിശ്ചയിക്കുന്നതിലെ പോരായ്മയാണ് ഈ സ്ഥാപനം നാളിതുവരെ ഇപ്രകാരം അവഗണിക്കപ്പെട്ട അവസ്ഥയിൽ



നിലനില്ക്കാൻ കാരണം. സ്ഥാപനം ഇന്ന് (31-5-17) വാടക കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റിയതായി എക്സിറ്റ് മീറ്റിംഗിൽ ഇത് പരാമർശിച്ച വേളയിൽ വാർഡ് മെംബർ അറിയിച്ചു. സ്വന്തം കെട്ടിടം നിർമിച്ച് മതിയായ സൗകര്യങ്ങൾ ഒരുക്കി അങ്കണവാടി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 പ്രോജക്ട് നം.129/2017--പാലിയേറ്റീവ് പരിചരണം-പ്രവർത്തനത്തിലെ അപാകതകൾ

പഞ്ചായത്തിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടക്കുന്നുവെങ്കിലും ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിലെ നടപടിക്രമങ്ങൾ പാലിക്കുന്നില്ല.11/2016 ന് ശേഷം നാളിതുവരെ പാലിയേറ്റീവ് മാനേജിംഗ് കമ്മിറ്റി കൂടിയിട്ടില്ല. കമ്മിറ്റി മിനിറ്റ്സ് കൃത്യമായി തയാറാക്കി ഉത്തരവാദപ്പെട്ട അധികാരി ഒപ്പ് വയ്ക്കുന്നില്ല. ഹോം കെയറിന്റേതുൾപ്പെടെ നിർബന്ധമായി സൂക്ഷിക്കേണ്ട രജിസ്റ്ററുകളൊന്നും തന്നെ നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ പരിശോധിക്കുന്നില്ല.

മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് 639180/-രൂപ അക്കൗണ്ട് ട്രാൻസ്ഫറായി നല്കിയെങ്കിലും ഇവ ലഭിച്ചിട്ടില്ല. (ബിൽ നം 4/16-17 തുക 743060/)

മരുന്നുകളുടെയും ഉപകരണങ്ങളുടെയും ലഭ്യത ഉറപ്പു വരുത്തുന്നതിനായി ചെലവ് തുക 639180/ തടസ്സപ്പെടുത്തുന്നു.

അപാകതകൾ പരിഹരിച്ച് പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

## 3-9 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 63കൺസ്യൂമർ നമ്പറുകളിലുള്ള തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം 142540/-രൂപവീതം വൈദ്യുതിബോർഡിന്റെ ഡിമാൻഡ് നോട്ടീസ് പ്രകാരം പഞ്ചായത്ത് ഒടുക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണവകുപ്പിന്റെ ജി.ഒ (എം.എസ്)34/2003/പി.ഡി..തീയതി2.12.2003 ഉത്തരവു പ്രകാരം തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.എന്നാൽ എരുമേലി ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത ഉത്തരവ് നടപ്പാക്കിയിട്ടില്ല.സംയുക്ത പരിശോധന നടത്താത്തതിനാൽ പ്രവർത്തനക്ഷമമായ വിളക്കുകളുടെ എണ്ണം സംബന്ധിച്ച് ഗ്രാമ പഞ്ചായത്തിന് കൃത്യമായ കണക്കില്ല.തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചതിന് ശേഷം വിവിധ പഞ്ചായത്തുകളിൽ വൈദ്യുതി ചാർജിനത്തിൽ ഗണ്യമായ തുകയുടെ കുറവ് വന്നിട്ടുള്ളതായി ഓഡിറ്റിൽ വിലയരുത്തിയിട്ടുണ്ട്.ഈ സാഹചര്യത്തിൽ സംയുക്ത പരിശോധന നടത്തി മീറ്റർ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 വെള്ളക്കരം-സംയുക്ത പരിശോധന നടത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 101കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 44188/-രൂപ വീതം ജലഅതോറിറ്റിയുടെ ഡിമാൻഡ് നേട്ടീസ് പ്രകാരം പഞ്ചായത്ത് ഒടുക്കുന്നുണ്ട്. സംയുക്ത പരിശോധന നടത്താത്തതിനാൽ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് ഗ്രാമ പഞ്ചായത്തിന് കൃത്യമായ കണക്കില്ല. ആയതിനാൽ ഉപയോഗിക്കുന്ന ജലത്തിന് ആനുപാതികമായി തുക ഒടുക്കുന്നത് സംബന്ധിച്ച് കൃത്യത നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ജലഅതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ ടാപ്പുകൾക്ക് മാത്രമാണ് തുക ഒടുക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-11 ആശ്രയ പദ്ധതി - അവലോകനം

2007ൽ ആരംഭിച്ച ആശ്രയ പദ്ധതിയിൽ നാളിതുവരെ 3 പ്രോജക്ടുകളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. സമൂഹത്തിലെ നിരാലംബരായ ആളുകളുടെ ക്ഷേമം ലക്ഷ്യമിട്ട് ആരംഭിച്ച പദ്ധതി ഫലത്തിൽ ഭക്ഷണവിതരണ പദ്ധതി മാത്രമായാണ് നിലവിൽ നടക്കുന്നത്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പഞ്ചായത്ത് വികസന ഫണ്ടിൽ നിന്ന് നല്കുന്ന തുകയുടെ ചെലവ് പരിശോധിച്ചാൽ ഇത് ബോധ്യപ്പെടുന്നതാണ്.

| പ്രോജക്ട് | വകയിരുത്തിയ തുക | കൈമാറിയ തുക | ചെലവ് |
|---|---|---|---|
| I ജനറൽ | 3387500 | 3350000 | 2548415 |
| II റ്റി.എസ്.പി | 1538000 | 100000 | ചെലവില്ല |
| III ജനറൽ | 6028000 | 200000 | ചെലവില്ല |

പദ്ധതി ആരംഭിച്ച സമയത്ത് അടിസ്ഥാന സൗകര്യ വികസനത്തിന് തുക ചെലവഴിച്ചതൊഴിച്ചാൽ പിന്നീട് ഈ ഇനത്തിൽ ചെലവില്ല എന്നത് ആശ്രയപദ്ധതി യുടെ ശോഭ കെടുത്തുന്നതാണ്. ഇതേ വർഷങ്ങളിൽ ഭവനനിർമ്മാണം, പുനരുദ്ധാരണം, ശോചനാലയം തുടങ്ങിയവക്ക് ധാരാളം തുക ചെലവഴിച്ചപ്പോൾ ഏറ്റവും അർഹരായ ആശ്രയ ഗുണഭോക്താക്കൾക്ക് തുക ഉണ്ടായിട്ടുപോലും സൗകര്യങ്ങൾ ഒരുക്കാൻ കഴിയാതിരുന്നത് സി.ഡി.എസ് ന്റെ പരാജയമാണ്. ആദ്യപ്രോജക്ടിൽ അവശേഷിച്ച 8 ലക്ഷം രൂപയിൽ 4 ലക്ഷം ചെലവഴിച്ചത് ചലഞ്ച്ഫണ്ട് ഉപയോഗിച്ച് ചെയ്യേണ്ട ഭക്ഷ്യവിതരണ പദ്ധതിക്കാണ് 4 ലക്ഷം രൂപയോളം ഇപ്പോഴും അവശേഷിക്കുന്നു. മറ്റ് രണ്ട് പ്രോജക്ടുകളിൽ അനുവദിച്ച 3 ലക്ഷം രൂപ ഇതുവരെ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഭരണസമിതിയുടെ അടിയന്തിര ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

## 3-12 സ്വയം തൊഴിലിന് ഓട്ടോറിക്ഷ വാങ്ങി നൽകൽ

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണിത്. പ്രോജക്ട് പ്രകാരം 2016-17 സാമ്പത്തിക വർഷം നാല് ഗുണഭോക്താക്കൾക്ക് 50000 രൂപ വീതം സഹായം അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 130/17 |
| പ്രോജക്ടിന്റെ പേര് | ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം (എസ്.സി.പി) |
| ഫണ്ടിനം | വികസനഫണ്ട് (എസ്,സി.പി) |
| വകയിരുത്തൽ | 1200000/- |
| ചെലവ് | 200000/- |
| ബിൽ നമ്പർ/ തീയതി | 22/16-16 തീയതി 15.03.17 ( 50000/-)<br>45/16-17 തീയതി 30.03.17 ( 150000/-) |

പ്രോജക്ട് പ്രകാരം രണ്ട് ലക്ഷം രൂപ പിൻവലിച്ച് പഞ്ചായത്ത് വിഹിതം ബാങ്കിലേക്ക് കൈമാറിയിട്ടുണ്ട്. നിലവിൽ വാഹനം ലഭ്യമായിട്ടുണ്ട് എങ്കിലും വാഹനം രജിസ്റ്റർ ചെയ്ത് രേഖകൾ പഞ്ചായത്തിൽ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. തൻമൂലം സഹായധനം അനുവദിച്ച വ്യക്തികളുടെ പേരിൽ വാഹനം രജിസ്റ്റർ ചെയ്തതിന്റെയും., വാഹനം ഇൻഷ്വർ ചെയ്തതിന്റെയും വിവരങ്ങൾ ഉൾപ്പെടുത്തി വാഹനം കൈമാറ്റം ചെയ്യാതിരിക്കുന്നതിന് ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടുന്നതിന് സാധിച്ചിട്ടില്ല. സഹായധനം ലഭിച്ച ശ്രീ.ശരത് ശശി, ചീരംപടവ് എന്നയാൾക്ക് 21.2.17ൽ മാത്രമാണ് വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് ലഭ്യമായിട്ടുള്ളത്. ടിയാന് ടാക്സി വാഹനം ഓടിക്കുന്നതിനുള്ള ബാഡ്ജ് ലഭിച്ചിട്ടില്ല. നിലവിൽ ബാഡ്ജ് ഉള്ള ആളുകൾക്കാണ് ധനസഹായം അനുവദിക്കാവുന്നത്. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, വാഹനം ലഭ്യമാകുന്ന മുറയ്ക്ക് മേൽപ്രസ്താവിച്ച പ്രകാരം കരാർ ചമച്ച് വാഹനം കൈമാറ്റം ചെയ്യപ്പെടാതിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പ്രോജക്ട് സംബന്ധിച്ച് തുടർ മോണിട്ടറിംഗ് ആവശ്യമാകയാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-13 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വിവിധങ്ങളായ ഭവന നിർമ്മാണ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം പ്രോജക്ടുകൾ ഒന്നും പൂർത്തീകരിച്ചിട്ടില്ല. പ്രോജക്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്ടിന്റെ | പ്രോജക്ടിന്റെ പേര് | ഫണ്ടിനം | വകയി | ചെലവ് | വിശകലനം |
|---|---|---|---|---|---|---|

| നമ്പർ | നമ്പർ | | | രുത്തൽ | | |
|---|---|---|---|---|---|---|
| 1 | S0121/17 | ഭവനനിർമ്മാണം SCP | വികസന ഫണ്ട് SCP | 1800000 | 630000 | ആകെ 6 ഗുണഭോക്താക്കൾക്ക് അനുവദിച്ചു. ഇതിൽ 5 പേരും രണ്ടാം ഘട്ടം പൂർത്തിയാക്കി. ഒരാൾ ഒന്നാംഘട്ടം പൂർത്തിയാക്കി |
| 2 | S320/17 | ഭവനനിർമ്മാണം SCP വനിത | വികസന ഫണ്ട് SCP | 900000 | 150000 | ആകെ 2 ഗുണഭോക്താക്കൾക്ക് അനുവദിച്ചു. ഇതിൽ ഒരു ഗുണഭോക്താവ് രണ്ടാം ഘട്ടം പൂർത്തിയാക്കി. ഒരാൾ ഒന്നാം ഗഡു കൈപ്പറ്റിയിട്ടുണ്ട് |
| 3 | S0316/17 | ഭവനനിർമ്മാണം TSPവനിത | വികസന ഫണ്ട് TSP | 700000 | 280000 | സഹായധനം അനുവദിച്ച രണ്ട് ഗുണഭോക്താക്കളും രണ്ടാം ഘട്ടം പൂർത്തിയാക്കി |
| 4 | S0004/17 SpillOver | ഭവനനിർമ്മാണം SCP | വികസനഫണ്ട് SCP തനത്ഫണ്ട് | 2188150+ 31850= 2220000 | 900000 | രണ്ട് ഗുണഭോക്താക്കൾ ഇനിയും ഭവനനിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു. |

ഗുണഭോക്താക്കളും പഞ്ചായത്തുമായി നിയമാനുസൃത കരാർ ചമച്ചിട്ടുള്ളതായി കാണുന്നില്ല. അപാകത പരിഹരിക്കേണ്ടതാണ്. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 ഗുണഭോക്താവിന്റെ അർഹതാ മാനദണ്ഡം പരിശോധിക്കാതെ ലാപ് ടോപ്പ് വാങ്ങി

അസി.സെക്രട്ടറി നടപ്പാക്കിയ എസ് 10/17 പ്രോജക്ട് പ്രകാരം പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുക എന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം. ഇത് പ്രകാരം ബിൽ നം 55/17പ്രകാരം 30.3.17 ൽ 75000 രൂപ റ്റി.എസ്.പി. ഫണ്ടിൽ നിന്നും പിൻവലിച്ച് ഡാറ്റാ ലിങ്ക് കമ്പ്യൂട്ടേഴ്സ് കാഞ്ഞിരപ്പള്ളി എന്ന സ്ഥാപനത്തിൽ നിന്നും മൂന്ന് ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. ലഭ്യമായ മൂന്ന് അപേക്ഷകളിൽ ശ്രീ.ജ്യോതിഷ് സതീശൻ, കുന്നേൽ വീട്, ഏലിവാലിക്കര, മുക്കൂട്ടുതറ എന്ന അപേക്ഷകൻ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് പ്രകാരം മാത്യൂസ് മാർ ഇവാനിയോസ് പ്രൈവറ്റ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിൽ ഓഗസ്റ്റ് 2014 മുതൽ ജൂലൈ 2016 വരെ പഠിച്ചിരുന്നു എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. അപേക്ഷകൻ 24.3.2017 ലാണ് ആനുകൂല്യം ലഭിക്കുന്നതിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചത്. മാത്രമല്ല ജി.ഒ.(ആർ.ടി)നം.787/15 ത.സ്വ.ഭ.വ. 18.03.15 പ്രകാരം പ്രൊഫഷണൽ, പോസ്റ്റ് ഗ്രാജ്വേറ്റ്, കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിലും പോളിടെക്നിക്കുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് വാങ്ങി നൽകാവുന്നത്. മേൽ സാഹചര്യത്തിൽ പ്രസ്തുത അപേക്ഷകന് ലാപ്ടോപ്പ് വാങ്ങി നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 8-ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത കണ്ടെത്തിയതിനാൽ ലാപ് ടോപ്പ് വിതരണം ചെയ്തിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട യോഗ്യതയുള്ള വിദ്യാർത്ഥിയെ കണ്ടെത്തി പ്രസ്തുത ലാപ് ടോപ്പ് വിതരണം ചെയ്യേണ്ടതാണ്. ഈ സാഹചര്യത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച 25000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-15 സ്വയം തൊഴിലിന് ടാക്സി കാർ--വാഹനം ലഭ്യമായിട്ടില്ല

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണിത്. പ്രോജക്ട് പ്രകാരം 2016-17സാമ്പത്തിക വർഷം രണ്ട് ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷം രൂപ വീതം സഹായം അനുവദിച്ചിട്ടുണ്ട്. പ്രമുഖ വാഹന വിതരണ കമ്പനിയായ ഇൻഡസ് മോട്ടോഴ്സിൽ നിന്നും രണ്ട് സ്വിഫ്റ്റ് ഡിസയർ കാറുകൾ വാങ്ങുന്നതിനാണ് സഹായധനം അനുവദിച്ചത്. പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ് 0319/17 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സ്വയം തൊഴിലിന് ടാക്സി കാർ ( എസ്.സി.പി) |
| ഫണ്ടിനം | വികസനഫണ്ട് (എസ്,സി.പി) |
| വകയിരുത്തൽ | 400000/- |
| ചെലവ് | 400000/- |
| ബിൽ നമ്പർ/ തീയതി | 25/16-16 തീയതി 20.03.17 ( 200000/-)<br>44/16-17 തീയതി 30.03.17 ( 200000/-) |

പ്രോജക്ട് പ്രകാരം നാല് ലക്ഷം രൂപ പിൻവലിച്ച് പഞ്ചായത്ത് വിഹിതം ബാങ്കിലേക്ക് കൈമാറിയിട്ടുണ്ട് എങ്കിലും വാഹനം നാളിതുവരെ ലഭ്യമായിട്ടില്ല. തൻമൂലം സഹായധനം അനുവദിച്ച വ്യക്തികളുടെ പേരിൽ വാഹനം രജിസ്റ്റർ ചെയ്യതിന്റെയും., വാഹനം ഇൻഷ്വർ ചെയ്യതിന്റെയും വിവരങ്ങൾ ഉൾപ്പെടുത്തി വാഹനം കൈമാറ്റം ചെയ്യാതിരിക്കുന്നതിന് ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടുന്നതിന് സാധിച്ചിട്ടില്ല. വാഹനം ലഭ്യമാകുന്ന മുറയ്ക്ക് മേൽപ്രസ്താവിച്ച പ്രകാരം കരാർ ചമച്ച് വാഹനം കൈമാറ്റം ചെയ്യപ്പെടാതിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പ്രോജക്ട് സംബന്ധിച്ച് തുടർ മോണിട്ടറിംഗ് ആവശ്യമാകയാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. 4,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-16 ശബരിമല സ്പെഷ്യൽ ഗ്രാന്റ്

ശബരിമല മണ്ഡല മഹോത്സവുമായി ബന്ധപ്പെട്ട് എരുമേലി ഗ്രാമപഞ്ചായത്തിന് 2016-17 വർഷം സ.ഉ.(സാധാ)നം.2957/2016/ത.സ്വ.ഭ.വ. തീയതി 27-10-1016 പ്രകാരം 30,00,000/-രൂപ ശബരിമല സ്പെഷ്യൽ ഗ്രാന്റായി ലഭിക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്തിന് ലഭ്യമായിരിക്കുന്ന ശബരിമല സ്പെഷ്യൽ ഗ്രാന്റ് ട്രഷറിയിലുള്ള തനത് ഫണ്ട് അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 1138144/- |
| വരവ് | 3000000/- |
| ആകെ | 4138144/- |
| ചെലവ് | 2689649/- |
| നീക്കിബാക്കി | 1448495/- |

വിവിധ പദ്ധതികൾ മുഖേന ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വൈദ്യുതീകരണം/തെരുവ് വിളക്ക് | 746118/- |
| മാലിന്യ നിർമ്മാർജനം | 898904/- |
| ലൈഫ് ജാക്കറ്റ് വാങ്ങൽ | 57707/- |
| ലൈഫ് ഗാർഡിന് വേതനം | 396000/- |
| ഫോഗിങ്&ക്ലോറിനേഷൻ | 150000/- |
| കാനനപാത വെട്ടിത്തെളിക്കൽ | 33808/- |
| റെവന്യൂ കൺട്രോൾ റൂം വാഹനത്തിന്റെ ഇന്ധനച്ചെലവ് | 23114/- |
| കടവുകളിൽ അപായസൂചനാ ബോർഡ് | 35562/- |
| പേട്ട തുള്ളൽ പാതയിൽ വെള്ളം തളിക്കൽ | 77314/- |
| കെ.എസ്.ആർ.ടി.സി. ബസ് പാർക്കിംഗ് സ്ഥലത്തിന് വാടക | 197000/- |
| പേലീസ് എയ്ഡ് പോസ്റ്റ് വാടക | 60704/- |
| മറ്റ് ചെലവുകൾ | 13418/- |
| ആകെ | 2689649/- |

## 3-17 പ്രോജക്റ്റുകൾ ഭൗതിക ലക്ഷ്യം കൈവരിച്ചില്ല

ആയുർവേദ, ഹോമിയോ ഡിസ്പൻസറികളിലേക്ക് മരുന്ന് വാങ്ങൽ, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി,

പി.എം.എ.വൈ ഉടങ്ങിയ പ്രോജക്ടുകളുടെ നടത്തിപ്പിനായി ചുവടെ ചേർക്കും പ്രകാരം തുകകൾ ചെലവഴിച്ചുവെങ്കിലും മരുന്നുകൾ, കന്നുകുട്ടി പരിപാലനപദ്ധതി, പി.എം.എ.വൈ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം, എന്നിവ ലഭിച്ചിട്ടില്ല.

| പ്രോജക്റ്റ് | തുക | നിർവഹണോദ്യോഗസ്ഥൻ | തുക കൈപ്പറ്റിയത് |
|---|---|---|---|
| 119/17 ആയുർവേദാശുപത്രി -മരുന്ന് വാങ്ങൽ | 300000 | മെഡി.ഓഫീസർ, ആയുർവേദ. | ഔഷധി, രസീത്-1046/4242/19-4-17 |
| 118/17 ഹോമിയോ ആശുപത്രി-മരുന്ന് വാങ്ങൽ | 200000 | മെഡി.ഓഫീസർ, ഹോമിയോ. | കേരള ഹോമിയോപതിക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് a/c നം.34306403911 |
| 147/17 കന്നുകുട്ടി പരിപാലനപദ്ധതി (ജനറൽ) | 662500 | വെറ്ററിനറി സർജൻ | അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം. a/c നം.11400000050 |
| 149/17 ,, (എസ്.ടി) | 50000 | ,, | ,, |
| 120/17, പി.എം.എ.വൈ വിഹിതം (എസ്.സി.പി) | 200000 | അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, അക്കൗണ്ട് നം.25010100002384 |

പ്രോജക്ടുകളുടെ പൂർത്തീകരണം ഉറപ്പാകുന്നതുവരെ പ്രോജക്ടുകൾ പ്രകാരമുള്ള ചെലവ് 1412500/ തടസ്സപ്പെടുത്തുന്നു.

മരുന്നുകളുടെ ലഭ്യതയും ,കന്നുകുട്ടി പരിപാലനപദ്ധതിയുടെ കാര്യക്ഷമമായ പൂർത്തീകരണവും ഉറപ്പാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 01.10.2016 | 2190734 | ഓ ഡി എഫ് | 2000000 | 190734 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 05.12.2016 | 100000 | അംഗൻവാടി പോഷകാഹാരം | 100000 | ഇല്ല |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 24.03.2017 | 225000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 225000 | ഇല്ല |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 28.03.2017 | 436980 | വികലാംഗർക്ക് സ്കോളർഷിപ്പ് | 186980 | 250000 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 31.03.2017 | 500000 | പാലിയേറ്റീവ് കെയർ | ഇല്ല | 500000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ്ലൈൻ ഇടുന്നത് | 70,000/- | ഇല്ല | 70,000/- |
| കെ.എസ്.ഇ.ബി. | ലൈൻ എക്സ്റ്റെൻഷൻ | 16,83,656/- | ഇല്ല | 16,83,656/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ തുകയൊന്നും ചെലവില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 30,000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | ആകെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക+തൻവർഷ വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (മുതൽ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് – ഭവന പദ്ധതി ലോൺ | ജി.ഒ(ആർ.ടി)1394/ 22.4.2010 | 3,06,82,500 | 87,94,540 + 30000 | 25,00,000 | - | 63,24,540 |

ഇ.എം.എസ്.ഭവനപദ്ധതി പ്രകാരം വി.ഇ.ഒ. യുടെ അക്കൗണ്ടിൽ 11,344/- രൂപ നീക്കിയിരിപ്പുണ്ട് (31.03.2017 ൽ). ഇത് ലോൺ അക്കൗണ്ടിലേയ്ക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | - | 2014-15 | 4-1-12 | ആധുനിക അറവുശാല നിർമ്മാണം പൂർത്തീകരിച്ചില്ല | |
| 2012-13 | - | 2014-15 | 4-1-6 | കാർഷിക വിജ്ഞാന കേന്ദ്രം- പണി പൂർത്തീകരിച്ചില്ല | |
| 1997-98 | ഭാഗം 4 | 1999 | - | ജനകീയാസൂത്രണ പദ്ധതി | |
| 1997-98 | 28 | 1999 | 3-14(b) | 2.5 ലക്ഷം രൂപയുടെ തിരിച്ചടവ് അവ്യക്തം | |
| 1997-98 | - | 1999 | 3-14(b) | സെക്രട്ടറി സ്വന്തം നിലയിൽ പണം നൽകിയത് ക്രമ വിരുദ്ധം | |
| 1999-00 മുതൽ 01-02 വരെ | 2-20 | 2004-05 | 2(3) | ജനകീയാസൂത്രണം അവലോകനം തയ്യൽ റെഡിമെയ്ഡ് യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല-895166 രൂപയുടെ ചെലവ് | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 80928783 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84676979 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 71826.27 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2476680 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-2 | | 71826.27 | ശ്രീ.ഷാഹുൽ ഹമീദ് കെ.എം., അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 6,39,180 | ഡോ.സീന എം.ഇസ്മായിൽ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി. |
| 3-14 | 25,000 | ശ്രീ.എം.എൻ.വിജയൻ, അസി.സെക്രട്ടറി |
| 3-15 | 4,00,000 | |
| 3-17 | 14,12,500 | ഡോ.പ്രഹ്ളാദ് കെ, മെഡിക്കൽ ഓഫീസർ, ആയുർവേദം (3 ലക്ഷം രൂപ)<br>ഡോ.എ.എം.തോമസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ (2 ലക്ഷം രൂപ)<br>ഡോ.അനിൽകുമാർ റ്റി, വെറ്റിനറി സർജൻ (712500 രൂപ)<br>ശ്രീ.എം.എൻ.വിജയൻ, അസിസ്റ്റന്റ് സെക്രട്ടറി<br>(2 ലക്ഷം രൂപ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം- ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-

ഖണ്ഡിക 2.2.2 - മൊബൈൽ ടവറുകളുടെ വസ്തു നികുതി

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ – ഇല്ല

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഷാഹുൽ ഹമീദ് കെ.എം. അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജനീയർ എരുമേലി ഗ്രാമപഞ്ചായത്ത് | കുർക്കളയിൽ, കിളിരൂർ നോർത്ത് പി.ഒ., കോട്ടയം |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91, 1991-92 | LFKP-4/895/96/9.4.97/15.9.97 | |
| 1997-98 | LFKP-4/364/08/21.10.09/15.12.09 | |

| | | |
|---|---|---|
| 1997-98 | LFKP-8/333/04/5.6.04 | |
| 1998-99 | LFKP8/884/02/21.4.03/10.7.03 | |
| 2001-02 | LFKP9/367/08/8.3.10/ | |
| 2002-03 | LFKP9/368/08/8.3.10 | |
| 2002-03 | LFKP8/758/05/16.5.06 | |
| 2004-05 | LFKP13/672/11/9.12.11 | |
| 2005-06 | LFKP9/793/10/ 8.4.11 | |
| 2006-07 | LFKP13/794/10/1.8.12/7.8.12 | |
| 2007-08 | LFKP13/1592/11/1.8.01/4.8.13 | |
| 2008-09/09-10 | LFKP13/989/12/6.7.13 | |
| 2010-11/11-12 | LFKP13/103/14/25.8.14 | 35 |
| 2012-13 | LFKP13292/15/22.3.16 | 47 |
| 2013-14 | KSAKTMP13/516/16/17.9.16 | 49 |
| 2003-04 | LFKP9/949/09/23.4.10 | |
| 2014-15 | KSA-KTMP13/864/16/21.7.16 | |
| 2015-16 | KSA-KTM.P13-1795/2016/16.12.2016 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെഎസ്എ-കെടിഎം.പി.11-815/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ : 0482564886
ഇ മെയിൽ : doktm.ksad@kerala.gov.in

തീയതി:12.06.17

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം